2019

180

ഡിസംബർ



ചേരികളിൽ പറക്കുന്ന പട്ടങ്ങൾ

അൽപ ജീവനം

ഫീൽഡിലെ ഗുരുക്കന്മാർ

# ലിറ്റിൽ മാസിക



ഫിറോസിന്റെ ജൈവ ജീവിതം





# ഫിറോസിന്റെ ജൈവ ജീവിതം

ഒരു ഉൾവിളി പോലെ പ്രബുദ്ധതയുടെ ഒരു ചെറുസാന്നിദ്ധ്യം ഫിറോസിൽ കൃഷിയുടെ രൂപത്തിൽ സംഭവിക്കുകയായിരിന്നുവെന്ന് വേണം കരുതാൻ. പ്രബുദ്ധത അപൂർവ്വം ചില മനീഷികൾക്ക് മാത്രം സംഭവിക്കേണ്ടതല്ല. മഹാത്മാക്കൾക്കുമാത്രമല്ല സാധാരണ മനുഷ്യർക്കും അവരുടെ ലഭ്യമായ പ്രവർത്തന ഇടങ്ങളിൽ സംഭവിക്കേണ്ട ചെറിയ ചെറിയ പ്രബുദ്ധതാ വെളിച്ചങ്ങൾ കൊണ്ടേ ലോകത്തിൽ മാറ്റം സംഭവിക്കൂ. മഹാനായ ഒരു ഗുരുവിന് മാത്രം സംഭവിക്കേണ്ടതല്ല പ്രബുദ്ധത. പ്രബുദ്ധരായ മഹാ ഗുരുക്കൻമാരുടെ മാത്രമായ കാലം കഴിഞ്ഞു. എല്ലാവർക്കും സംഭവിക്കേണ്ട പ്രബുദ്ധതയാണ് ലോകത്തിനിന്ന് ആവശ്യം. ഉത്ബുദ്ധരായ മഹത്തായ ഒരു ജനത ഉണ്ടാവേണ്ടിയിരിക്കുന്നു. ജൈവ കൃഷി ചെയ്യുന്ന ഫിറോസ് എന്ന ചെറുപ്പക്കാരനിലും സംഭവിച്ചത് ഉത്ബുദ്ധതയുടെ അഥവാ തിരിച്ചറിവിന്റെ ക്ഷണിക ദർശനം തന്നെയാണന്ന് തന്നെ പറയാം

---

*മുഖക്കുറി*

# ഫീൽഡിലെ ഗുരുക്കന്മാർ

ആശ്രമത്തിലും ധ്യാന മന്ദിരത്തിലും ആഡംഭര കോൺഫറൻസ് ഹാളുകളിലും ഇന്റർനെറ്റ് ചാനലുകളിലും ഇരുന്ന് ഉപദേശങ്ങൾ നൽകുന്ന ഗുരുക്കന്മാർ ധാരാളമുണ്ട്. വളരെ കംഫർട്ട്ൾ ആയ സാഹചര്യങ്ങളിൽ ഇരുന്ന് ജീവിതം പഠിപ്പിക്കാനും മോട്ടിവേഷൻ നൽകാനും എളുപ്പമാണ്. എന്നാൽ തൊഴിലിൽ ,കർമ്മമണ്ഡലങ്ങളിൽ, ജീവിതത്തിന്റെ കഠിന വഴികളിൽ, ഓരോരുത്തരുടെയും സാഹചര്യങ്ങളിൽ ഇരുന്ന് വിയർപ്പ് ഒഴുക്കി പ്രവർത്തിച്ച് കാണിക്കുന്ന ഫീൽഡിലെ യഥാർത്ഥ ഗുരുക്കന്മാരേയാണ് നമുക്ക് വേണ്ടത്. വയനാട്ടിലെ കനവ് എന്ന ബദൽ വിദ്യാഭ്യാസ പരീക്ഷണത്തിനായി ജീവിതം അർപ്പിച്ച കെ.ജെ ബേബി മാഷ്, അട്ടപ്പാടിയിലെ വരണ്ട മണ്ണിൽ ജീവിത പരീക്ഷണങ്ങൾക്ക് വേണ്ടി ജീവിതം മാറ്റിവെച്ച ഗോപാലകൃഷ്ണൻ-വിജയലക്ഷ്മി ദമ്പതികൾ, ജീവിതം മുഴുവൻ സത്യാന്വേഷണ പരീക്ഷണമാക്കിയ മണ്ണാർക്കാട്ട് സുജീവനത്തിലെ ബഷീർ മാഷ് ,ജൈവ കർഷകൻ ദയാൽ, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തകരായ സാജൻ സിന്ധു, ജൈവ കർഷകനായ എടവണ്ണയിലെ ഫിറോസ്'..... ഇങ്ങനെ ഫീൽഡുകളിൽ ജീവിത പരീക്ഷണം നടത്തുന്ന എത്രയോ ജൈവ ഗുരുക്കന്മാർ നമ്മുടെ ഇടയിലുണ്ട്.അവരിൽ നിന്നും നമുക്ക് പഠിക്കാൻ ഏറെയുണ്ട്..... അവർക്ക് പാഠങ്ങൾ പഠിപ്പിക്കാനറിയണമെന്നില്ല. നാം അവരിൽ നിന്നും പാഠങ്ങൾ കണ്ടെത്തുകയാണ് വേണ്ടത്.... സാധാരണ കർഷകനായ ഫിറോസ് എന്ന ചെറുപ്പക്കാരനെ മാസിക മുഖചിത്രമാക്കുന്നത് നമ്മുടെ മാദ്ധ്യമമുൻഗണനകൾക്ക് ചേരാത്തതാണ് എന്നറിഞ്ഞ് കൊണ്ട് തന്നെയാണ്. അതിനാൽ നമുക്ക് വയലേലകളിലും പണിശാലകളിലും ,വീട്ടകങ്ങളിലും, തൊഴിലിടങ്ങളിലും ,തെരുവുകളിലും ഒക്കെ നമ്മുടെ ഗുരുക്കന്മാരെ തിരയാം.

*ഗോപാലകൃഷ്ണൻ-വിജയലക്ഷ്മി*




*സാജൻ സിന്ധു*





*കെ.ജെ ബേബി*



ലക്കം 180

2019 ഡിസംബർ

ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ
മലപ്പുറം-679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com




*പേനയും കടലാസും കൊണ്ടുമാത്രമേ രചനകൾ നടത്താവൂ എന്നുണ്ടോ. ലഭ്യമായ ഇടത്തിൽ സമയത്തിൽ സ്വന്തം ജീവിതം കൊണ്ടും കലാവിഷ്കാരം നിർവ്വഹിക്കാം. എഴുത്തുകാരൻ തന്റെ കൃതികളിലൂടെ ആവിഷ്കാരങ്ങൾ നടത്തുമ്പോൾ സ്വന്തം ജീവിതം കൊണ്ട് മഹത്തായ ആവിഷ്കാരങ്ങൾ നിർവഹിക്കാൻ പ്രപഞ്ചത്തിലെ ഏറ്റവും നിസ്സാരമായ ജീവിക്കും കഴിയും. പുസ്തകത്താളിൽ എഴുതുന്നതിനേക്കാൾ മഹത്തമുള്ള രചനകൾ ജീവിതം കൊണ്ട് എഴുതുമ്പോഴല്ലേ? എഴുത്തിനെക്കുറിച്ചുള്ള മൗഢ്യധാരണകൾ ഉരുകുമ്പോഴേ ചെറുതും സാധാരണവുമായ ജീവിതങ്ങളിലേക്ക് ജാഗരൂകമാവാൻ കഴിയൂ...*

*ലിമാ*



# ദേശീയ ഗാനം

ഇന്ന് ഒരു പൊതു ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. അതിന്റെ അവസാനത്തിൽ ദേശീയഗാനാലാപനം ഉണ്ടായിരുന്നു. എഴുന്നേറ്റു നിന്നു. രണ്ടു കൊച്ചു കുട്ടികൾ വന്ന് ദേശീയ ഗാനം ആലപിച്ചു.

ദേശീയഗാനം ഒരു വെറും പാട്ടല്ല. അർത്ഥം അറിയും മുൻപേ പാടിത്തുടങ്ങിയ ആ ഗാനം നിശ്ചയമായും ഒരു ദു:ഖഗാനമല്ല. എന്നിട്ടും അതു പാടുന്ന കൊച്ചു കുട്ടികളെ നോക്കി നിന്നപ്പോൾ സങ്കടം നിറഞ്ഞ ഒരു വിരഹഗാനം കേട്ടാലെന്നതു പോലെ എന്റെ കണ്ണിൽ കണ്ണീർ നിറഞ്ഞു. വേർപെടുന്ന ഒരു മഹാ സംസ്കൃതിയെ യാത്രയാക്കുന്ന ചടങ്ങിലാണോ ഞാൻ എന്ന ഒരു വിഭ്രാന്തിയിൽ അകപ്പെട്ടു. ഗംഗാതടത്തിലൂടെ, ഹിമാലയ സാനുക്കളിലൂടെ, സിന്ധു നദീതട സംസ്കാരത്തിന്റെ അവശിഷ്ടങ്ങളിലൂടെ, തക്ഷശിലയിലൂടെ കുരുക്ഷേത്രത്തിലൂടെ അയോധ്യയിലൂടെ ഞാൻ നടന്നു. ഉപനിഷദ് സൂക്തങ്ങളുണരുന്ന ബ്രാഹ്മമുഹൂർത്തങ്ങൾ, മന്ത്ര ദ്രഷ്ടാക്കളായ മഹർഷിമാർ. മുടന്തുന്ന ഒരു ആടിനെ കയ്യിലേന്തി യജ്ഞശാലയിലേക്ക് നടക്കുന്ന ഗൗതമൻ, ഒരു വർഷമേഘത്തെ നോക്കി നിൽക്കുന്ന കാളിദാസൻ, ബ്രഹ്മാനന്ദത്തിന്റെ സൗന്ദര്യോന്മാദത്താൽ വശംകെട്ട് നിർവസ്ത്രനായി നൃത്തം ചെയ്യുന്ന പരമഹംസൻ, അറബിക്കടൽ ഇളക്കി മറിയ്ക്കുന്ന കുഞ്ഞാലി മരയ്ക്കാർ, തെരുവിലൂടെ പാടി നടക്കുന്ന കബീർദാസ് , നിലാവുള്ള രാത്രിയിൽ പ്രിയതമയുടെ ശവകുടീരത്തിലേക്ക് കണ്ണുനട്ടിരിക്കുന്ന ഷാജഹാൻ, മക്കളേ എന്നു വിളിച്ച് വെളിച്ചപ്പെടുന്ന ഒരു കോമരം, മുഗളോദ്യാനത്തിൽ പനിനീരിതളുകൾ തലോടി നിൽക്കുന്ന നൂർജഹാൻ, ജാലകത്തിലൂടെ മഴ നനഞ്ഞ കൽക്കത്താ നഗരം നോക്കി നിൽക്കുന്ന ബാലനായ ടാഗോർ, പാടിപ്പാടി മഴ പെയ്യിക്കുന്ന താൻസൺ, അരുവിക്കരയിലെ നീരൊഴുക്കിൽ നിന്ന് ഒരു ശിലാഖണ്ഡം എടുത്ത് നിവരുന്ന ഗുരു, തൂക്കു കയറിലേക്ക് നടന്നടുക്കുന്ന ഭഗത്സിങ്ങ് ,നവാഖലിയിലൂടെ അവശമെങ്കിലും ദൃഢമായ കാൽവെയ്പ്പുകളോടെ നടന്നുപോകുന്ന ഗാന്ധിജി, വയലാറിൽ തല പോയ തെങ്ങുകൾക്കിടയിലൂടെ മുഷ്ടി ചുരുട്ടി ഉദിച്ചുയരുന്ന സൂര്യൻ, മനുഷ്യരെ കുത്തിനിറച്ച ഒരു ചരക്കു വണ്ടി, ഭരണഘടനയുടെ അവസാന പുറത്ത് ഒപ്പു ചാർത്തുന്ന അംബേദ്കർ , ഇങ്ങനെ കൃത്യതയില്ലാത്ത, ഇടകലർന്ന, കുഴമറിഞ്ഞ ഒരു പാട് ചിത്രങ്ങൾ കൺമുന്നിലൂടെ കടന്നു പോയി.

ദേശീയഗാനം തീർന്നു. കുഞ്ഞുങ്ങളുടെ കൊച്ചു ശിരസ്സുകൾക്കു മീതെ തിളയ്ക്കുന്ന അവ്യാഖ്യേയമായ ഒരു വെയിൽ വീണു കിടന്നു.

*-റഫീക് അഹമ്മദ്.*



# ബാഷോയുടെ ഹൈക്കു

വിവ: രാമകൃഷ്ണൻ കുമരനല്ലൂർ

1

പോപ്പിപ്പൂവിൽ
ശലഭത്തിൻ ചിറകു ,ണ്ടതു
സ്മാരകം

2

എന്റെ ഗദ്ഗദമിങ്ങനെ:
ശരത്കാലവാതം പോലെ
വിറകൊള്ളുന്നു കല്ലറ

3

മഴയീ മോന്തായത്തെ
ക്കടന്നും വേട്ടാളന്റെ
കൂട്ടിൽ നിന്നിറ്റിറ്റിയും

4

ആദ്യത്തെ മഞ്ഞ്
ഡാഫോഡിൽ
ഇലയെക്കുനിപ്പിച്ചുവോ?

5

വെള്ളം ചാടുന്നൊരൊച്ചയിൽ
വിറച്ചു
പൂവു കൂടിയും

6

ഗ്രീഷ്മം, പച്ചപ്പുൽക്കൊടി
വീരരാം യോദ്ധാക്കൾതൻ
മായാത്ത സ്വപ്നം തന്നെ

7

നരച്ച തലയും, ഊന്നു
വടിയുമായിട്ടെത്തിയോ
ശവക്കല്ലറ കാണുവാൻ

8

ശരൽക്കാലത്തെച്ചന്ദ്രൻ:
നേർത്തുനേർത്തൊരു നൂലായ്
പ്രാണികൾ കരയുന്നു

9

കാറ്റിന്റെ കുത്തിന്നൊപ്പം
മാറുന്നുണ്ടിരിപ്പിടം-
ഇച്ചെറു പൂമ്പാറ്റയും

10

ജലമുറഞ്ഞ മൺകൂജ
പൊട്ടിപ്പോകുന്നൊരൊച്ച കേ-
ട്ടുറക്കം ഞെട്ടിടുന്നു ഞാൻ

Simple Life

## ജീവിത സാരള്യം

അക്കു

നിത്യജീവിതത്തിൽ
പ്രയോഗിച്ച് അനുഭവിച്ച
,ജീവിതത്തെ സരളമാക്കാൻ
സഹായിക്കുന്ന ചെറിയ
സംഗതികൾ പങ്കുവെക്കുന്ന
കുറച്ചു കുറിപ്പുകൾ ....വലിയ
സംഗതികളല്ല, ആർക്കും
പ്രയോഗിച്ചു നോക്കാവുന്ന
ചെറിയ സംഗതികൾ....

# മുപ്പതിനായിരം ദിനങ്ങൾ

*'സമയത്തെയല്ല നിങ്ങൾ മാനേജ്ചെയ്യുന്നത്.*
*നിങ്ങളെത്തന്നെയാണ്''*


*-മൈക്കൽ ഹാപ്പൽ*

മുപ്പതിനായിരം രൂപ കയ്യിൽ തന്ന് അതിൽ നിന്ന് ഓരോ
രൂപ നിത്യവും എടുത്ത് ചെലവഴിച്ചാൽ മുപ്പതിനായിരം
ദിവസം കഴിഞ്ഞാൽ കയ്യിൽ എത്ര രൂപ അവശേഷിക്കും?
ഉത്തരം: പൂജ്യം
എത്ര ലളിതമായ കണക്ക് അല്ലേ?
മുപ്പതിനായിരം ദിനങ്ങൾ എന്നാൽ ഒരു മനുഷ്യന് പരമാവധി
കിട്ടാൻ പോകുന്ന ആയുസ്സ് ആണ്. 80 വർഷത്തെ
ആയുസ്സ് കൂട്ടിയാൽ 80 ഃ 365 = 29 200 ആണ്.
മുപ്പതിനായിരം തികയില്ല.
കണക്കു കൂട്ടി നോക്കുക, എത്ര ദിനങ്ങൾ ഇതിനകം
ചെലവഴിച്ചു കഴിഞ്ഞു എന്ന്.
ഉടയോന്റെ ഖജനാവിൽ നിന്ന് അനുവദിക്കപ്പെടുന്ന ഔദാര്യം
തീരുവരെ നമ്മളങ്ങനെയങ്ങ് പോകും അല്ലേ?
ബോബിയച്ചൻ ഓർമ്മിപ്പിക്കുന്നുണ്ട്.
പരമാവധി മുപ്പതിനായിരം ദിനങ്ങളുടെ കളിയായി
ജീവിതത്തെ തിരിച്ചറിഞ്ഞവർ,
അവരാണ് അലസ നിമിഷങ്ങളുടെ ആഡംബരങ്ങളിൽ സ്വയം
അനുവദിച്ചു കൊടുക്കാത്തത്.
അതെ ! അലസ നിമിഷങ്ങളിലൂടെ ജീവിതത്തെ
ആഡംബരത്തോടെ പാഴാക്കിക്കളയുന്നത് കഷ്ടം തന്നെയല്ലേ?
ഓരോ ദിനവും പ്രധാനപ്പെട്ടതു തന്നെ, വിശേഷപ്പെട്ടതും.
ഓരോ രൂപ ചേർന്നു തന്നെയാണ് മുപ്പതിനായിരം രൂപയായത്.
അവനവന്റെ സാധ്യതകളെ ആവിഷ്ക്കരിക്കാനാണ് ഓരോ
ദിനങ്ങളും. അലസമായിട്ടല്ല, സക്രിയമായി തന്നെ അവ ഇന്ന്
എടുത്തുപയോഗിക്കാം ..
നാളെ നാമാരെന്നുമെന്തെന്നു മാർക്കറിയാം?

### ഏഡിറ്റോറിയൽ പോളിസി

ഏറ്റവും സാധാരണക്കാരും തൊട്ടടുത്തുമുള്ള വരുമായ മനുഷ്യരെ, അവരുടെ ജീവിതങ്ങളെ, മനുഷ്യേതരമായ മറ്റു ജീവി ജാലങ്ങളെ കൗതുകങ്ങളോടെ മാത്രം ക്കിക്കാണുന്ന എഴുത്തുകളാണ് മാസികയിൽ ഇടം പിടിക്കുന്നത്. ചെറുത് സുന്ദരം മാത്രമല്ല സ്ഥായിയായതും എല്ലാ വലുതകളുടെയും അടിസ്ഥാനമാകുന്നു. തൊട്ടടുത്തുള്ള ചെറിയ കാര്യങ്ങളെ അവഗണിച്ച് എങ്ങനെ മുന്നോട്ട് പോവും? ഇത്തരം ആലോചനകൾ പങ്ക് വെക്കാനാണ് മാസികയുടെ ഇത്തിരി പോന്ന പത്ര സ്ഥലം.

എഡിറ്റർ




ഫിറോസ്

**സർക്കാർ ജീവനക്കാരനായ യുവാവ് നടത്തുന്ന കാർഷിക പരീക്ഷണങ്ങൾ മഹത്തായ അവബോധങ്ങളിലേക്കുള്ള കവാടങ്ങളാവുമ്പോൾ.....**

# ഫിറോസിന്റെ ജൈവ ജീവിതം

ഫിറോസ് കൃഷിയിടത്തിൽ

*കൃഷിക്കാരന്റെ യത്നം പ്രകൃതിയുടെ ഹിതാനുവർത്തനം മാത്രമാകുന്നിടത്തോളം കാര്യമെല്ലാം ശുഭം. കൃഷി വൃത്തിയുള്ളൊരു പണിയായിരുന്നു. ഈ സങ്കൽപത്തിൽ നിന്നും മനുഷ്യൻ മാറുന്നതോടെയാണ് ആധുനിക കൃഷിയുടെ പുറപ്പാട്. പിന്നെ പണമുണ്ടാക്കാൻ പുഞ്ച വളർത്തി തുടങ്ങിയപ്പോൾ കൃഷിയുടെ തത്വമെല്ലാം മറന്നു. സമൂഹജീവിതത്തിൽ കച്ചവടക്കാരന് ചെയ്തു തീർക്കാനൊരു പങ്കുണ്ട്. എന്നാൽ വ്യാപാരവൃത്തിയുടെ സങ്കീർത്തനം ജീവിതത്തിന്റെ ഉണ്മയെന്തെന്ന തിരിച്ചറിവിൽ നിന്നും ആളുകളെ അകറ്റി നിർത്തും. പ്രകൃതിയിലൊതുങ്ങുന്ന ഒരു യത്നമെന്ന നിലയിൽ കൃഷി ഈ ഉൺമയോടടുത്തുനിൽക്കുന്നു. ജീവിക്കലും യത്നിക്കലും പ്രകൃതിയിൽ തന്നെ ആയിരുന്നിട്ടുപോലും പ്രകൃതിയെന്തെന്ന് ആലോചിക്കാത്തവരാണ് മിക്ക കൃഷിക്കാരും. എന്നാൽ കൃഷിവൃത്തി മഹത്തായ അവബോധങ്ങളിലേക്ക് അനേകം കവാടങ്ങൾ തുറന്നിടുന്നു എന്നാണെന്റെ തോന്നൽ*

**-ഫുക്കുവോക്ക**

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ഫിറോസ് രാജ്യം ശ്രദ്ധിക്കുന്ന പരിസ്ഥിതി പ്രവർത്തകനും ആക്ടിവിസ്റ്റുമായ ക്ലോഡ് അൽവാരീസിന്റെ പ്രഭാഷണം കേട്ടത് കോട്ടയത്ത് വെച്ച് ആയിരുന്നു. പ്രസംഗത്തിൽ ക്ലോഡ് പരാമർശിച്ച ഫാമിലി ഫാർമർ എന്ന ആശയം മലപ്പുറം ജില്ലയിലെ എടവണ്ണ കല്ലിടുമ്പിലെ തന്റെ ഗ്രാമത്തിൽ സാക്ഷാൽക്കരിച്ചിട്ടേ ഫിറോസ് അടങ്ങിയുള്ളൂ.

20 കുടുംബങ്ങൾ ഓരോന്നും പ്രതിമാസം 1000 രൂപ വീതം സമാഹരിച്ച് തങ്ങൾക്ക് വേണ്ട പച്ചക്കറി കൃഷി ചെയ്യാൻ ഒരാളെ നിയോഗിച്ച് അയാളെ ഏൽപിക്കുക ഇതായിരുന്നു ഫിറോസ് ആവിഷ്കരിച്ച് നടപ്പാക്കിയ ഫാമിലി ഫാർമർ പദ്ധതി! പ്രതിമാസം 20,000രൂപ വരുമാനമുള്ള, 20 കുടുംബാംഗങ്ങളുടെ സ്വന്തം ഫാമിലി ഫാർമർ അങ്ങനെ എടവണ്ണയിൽ സാദ്ധ്യമാവുകയായിരുന്നു.

ഫിറോസിന്റെ ഒരുപാട് കാർഷിക പരീക്ഷണങ്ങളിൽ ഒന്നുമാത്രമായിരുന്നു ഫാമിലി ഫാർമർ! കുറേ വർഷങ്ങളായി മൂന്ന് ഏക്ര പാട്ടഭൂമിയിൽ നെൽകൃഷി! മറ്റൊരു മൂന്ന് ഏക്രയിൽ തെങ്ങ്, വാഴ, കിഴങ്ങുകൾ, പച്ചക്കറി തുടങ്ങിയ കൃഷികൾ! കൂട്ടു





കാരുമായി ചേർന്ന് വാങ്ങിയ നാടൻപശുക്കൾ, സ്വന്തം ഉല്പന്നങ്ങളും ജൈവ രീതിയിൽ തന്നെ ഉല്പാദിപ്പിക്കുന്ന മറ്റുള്ളവരുടെ ഉൽപന്നങ്ങളും വിപണനം നടത്തുന്ന നാട്ടുനന്മ വിഷരഹിത പച്ചക്കറി ഷോപ്പ്.. ഫിറോസിന്റെയും സംഘത്തിന്റെയും കാർഷിക സാഹസങ്ങൾ ഇങ്ങനെ നീളുന്നു. രാസവളവും രാസകീടനാശിനികളും പടിക്കു പുറത്താക്കി മണ്ണിനെ അറിഞ്ഞ് കൃഷിചെയ്യുന്നു എന്നുമാത്രമല്ല കാർഷിക പ്രവർത്തിയെ ഒരു മൂവ്മെന്റായി ഇടപെടലായി മുന്നോട്ട് കൊണ്ടുപോകുന്നു എന്നതും ഫിറോസിന്റെ വഴികളെ വേറിട്ടതാക്കുന്നു. ജൈവകൃഷി ചെയ്യുന്നവർ ധാരാളമുണ്ട് എന്നാൽ കൃഷി ഒരു ആക്ടിവിസമായും ഒരു മൂവ്മെന്റായും മറ്റുള്ളവരിലേക്ക് കൃഷിയുടെ സന്ദേശം എത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു എന്നിടത്താണ് ഫിറോസിന്റെ ഇടപെടലുകൾ പ്രസക്തമാകുന്നത്.

കല്ലിടുമ്പ് ഗ്രാമത്തിലെ വോയ്സ് എന്ന സാമൂഹിക സംഘടനയും അതിന്റെ ആഭിമുഖ്യത്തിലെ ലൈബ്രറിയും ഫിറോസിനും കൂട്ടുകാർക്കും പിന്തുണയും നൽകുന്നു. ജൈവകൃഷിക്കും ഇക്കോഷോപ്പും ഇപ്പോൾ ഏറനാട് വെഞ്ചേഴ്സ് എന്ന പാർട്ണർഷിപ്പ് കമ്പനിയുടെ കീഴിലാക്കി ചിട്ടയായി പ്രവർത്തിക്കുന്നു.

പരമ്പരാഗത കാർഷിക കുടുംബാംഗമല്ല ഫിറോസ്. എടവണ്ണയിൽ ഹനീഫ, അബ്ദുള്ളക്കുട്ടി, അറുമുഖൻ എന്നീ നാല് സുഹൃത്തുക്കളുമായി ചേർന്ന് വയൽ പാട്ടത്തിനെടുത്ത് നെൽകൃഷി ചെയ്താണ് തുടക്കം. ഫിറോസ് അംഗമായ വോയ്സ് ക്ലബ്ബിന്റെ ബാനറിൽ വേനൽക്കാല പച്ചക്കറി കൃഷിയിലും പങ്കാളിയായിട്ടുണ്ട്.

തങ്ങളുടെ 10 ഓളം വരുന്ന നാടൻ പശുക്കളുടെ പാലും ചാണകവും മൂത്രവും സ്വന്തം ഇക്കോഷോപ്പായ നാട്ടുനന്മയിലൂടെ വിപണനം ചെയ്യുന്നുമുണ്ട്. നാടൻപശുക്കളുടെ പാൽ ഷോപ്പിലൂടെ ലിറ്ററിന് നൂറ് രൂപക്കാണ് വിൽക്കുന്നത്. ആവശ്യക്കാർക്ക് പാൽ കൊടുക്കാൻ തികയുന്നില്ല എന്നതാണവസ്ഥ. അരി വിൽക്കുന്നതും ശരാശരി കിലോക്ക് 75 രൂപ പ്രകാരമാണ്. തങ്ങളുടെ ജൈവരീതിയിലെ നെൽകൃഷിയും ഇപ്പോൾ ലാഭകരമായി മാറി എന്ന് ഫിറോസ്.

സത്യസന്ധമായി കൃഷി ചെയ്യുന്നത് പരിസ്ഥിതി സംരക്ഷണത്തിനും ആത്മീയ ഉന്നമനത്തിനും മുഖാന്തിരമാകുമെന്ന് സ്വന്തം അനുഭവങ്ങളെ തൊട്ട് ഫിറോസ് ഉറപ്പിച്ച് പറയുന്നു. ഫിറോസും കൂട്ടുകാരും എടവണ്ണ സീതി ഹാജി പാലത്തിന് സമീപത്തെ ചേമ്പുങ്ങലിൽ പാടശേഖരത്തിലെ 75 സെന്റ് നെൽവയൽ വാങ്ങിയത് അത്രയും സ്ഥലമെങ്കിലും നിലം നികത്തുന്നതിൽ നിന്ന് രക്ഷിച്ചെടുക്കാമല്ലോ എന്ന ആലോചനയിലാണ്. 75 സെന്റ് സ്ഥലത്തും തൊട്ടടുത്തുള്ള വയൽ പാട്ടത്തിനെടുത്തതും ചേർന്ന് 3 ഏക്രയിൽ തുടർച്ചയായി നെൽകൃഷി വിജയമായി

**ജൈവകൃഷി ചെയ്യുന്നവർ ധാരാളമുണ്ട് എന്നാൽ കൃഷി ഒരു ആക്ടിവിസമാവുകയും മറ്റുള്ളവരിലേക്ക് ഈ സന്ദേശം എത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു എന്നിടത്താണ് ഫിറോസിന്റെ ഇടപെടലുകൾ പ്രസക്തമാകുന്നത്.**

ചെയ്തുവരുന്നത് തൊട്ടടുത്തുള്ള നെൽകർഷക രിൽ പ്രചോദനവും ആവേശവും ഉണ്ടാക്കി. ഫിറോസും കൂട്ടരും ഇപ്പോൾ കൃഷിചെയ്യുന്ന നെൽവയൽ കൃഷിക്ക് യോഗ്യമാക്കി ഇന്നും നില നിൽക്കുന്നത് ഫിറോസിന്റെയും മറ്റും ഇടപെടൽ കൊണ്ടുമാത്രമാണ്. ട്രാക്ടർ ഇറങ്ങാൻ യാതൊരു നിർവ്വാഹവുമില്ലാതിരുന്ന ഭൂമിയായിരുന്നു ഇത്. ചുറ്റുമുള്ള ഭൂമി അതിന്റെ ഉടമകൾ മണ്ണിട്ടുനി കത്തി തരം മാറ്റിയതിനാൽ ഈ നെൽവയൽ ഒറ്റ പ്പെട്ട അവസ്ഥയിലായിരുന്നു. നെൽകൃഷി ചെയ്യാൻ വേണ്ടി താൽക്കാലികമായി തെങ്ങുംത ടിയും മറ്റും ഉപയോഗിച്ച് കനാലിന് കുറുകെ പാലം നിർമ്മിച്ച് ട്രാക്ടർ ഇറക്കുകയാണ് ഒടുവിൽ ചെയ്തത്. കൃഷിഭൂമിയിലേക്ക് വഴിയില്ല എന്ന കാര്യം നാട്ടിൽ ചർച്ചാവിഷയമാവുകയും ഒടു വിൽ തൊട്ടടുത്ത ഒരു ഭൂമിയുടെ ഉടമ വഴിക്കായി സ്ഥലം മാറ്റിവെക്കുകയും അതുവഴി ഇപ്പോൾ ട്രാക്ടർ ഇറക്കാൻ സാധിക്കുകയും ചെയ്യുന്നു.

നിരന്തരമായ ഇടപെടലുകൾ സമൂഹത്തിൽ നിർണ്ണായക സ്വാധീനം ഉണ്ടാക്കുന്നതായി ഫിറോ സിന് തിരിച്ചറിയാനാവുന്നുണ്ട്. ആദ്യകാലത്ത് സംശയത്തോടെ നെറ്റി ചുളിച്ചവർക്ക് പോലും കൃഷി ഒരു സംരംഭം എന്ന നിലയിൽ കൊണ്ടുനട ക്കാമെന്ന് ബോധ്യപ്പെടുകയാണ്. കൃഷിയിടത്തിൽ നിന്നുള്ളതും മറ്റ് കൃഷിയിടങ്ങളിൽ നിന്നുള്ളതു മായ ജൈവ ഉല്പന്നങ്ങളുടെ ഷോപ്പ് ഇപ്പോൾ എല്ലാ ദിവസവും ഉച്ചയ്ക്ക് ശേഷം തുറന്ന് പ്രവർത്തിക്കുന്നു. രണ്ട് ജീവനക്കാർ സ്ഥിരം ജോലിചെയ്യുന്നു. ഉടൻ തന്നെ ഇക്കോഷോപ്പ് മുഴു വൻ സമയവും പ്രവർത്തിക്കാൻ സജ്ജമാകും.

കൃഷിക്കാർ രണ്ട് തരത്തിലാണ്. ഒന്ന് പരമ്പരാ ഗതി കൃഷിക്കാർ രണ്ട് ഹൈടെക് കൃഷികൾ. ഇവിടെ അതു രണ്ടിനുമിടയിൽ ജീവിതത്തിന്റെ ഭാഗമായി തന്റെ രാഷ്ട്രീയ പാരിസ്ഥിതിക ആത്മീയ നിലപാടുകളുടെ ഭാഗമായി തന്റെ ജോലി യുടെ ഒപ്പം കൃഷിയെ അത്യന്തം ഗൗരവതരമായി സമീപിക്കുന്ന ഫിറോസ് സാധാരണക്കാർക്കും മറ്റ് തൊഴിലുകളുള്ളവർക്കും കൃഷിയിലിടപെടാവുന്ന തിന്റെ സാധ്യതകൾ തുറന്നിടുകയാണ്.

കൃഷി ചെയ്യേണ്ടിവരുമ്പോൾ മണ്ണിലിറങ്ങു കയും നന്നായി അദ്ധ്വാനിക്കേണ്ടി വരുന്നതും ആണ് പലരെയും കൃഷിയിൽ നിന്നും അകറ്റുന്ന ത്. എന്നാൽ ഫിറോസിനെ സംബന്ധിച്ചിടത്തോളം അദ്ധ്വാനം ഒരു ധ്യാനവും തന്നെ ജൈവികമായി നിലനിർത്തുന്നതിനുള്ള ഉപാധിയുമാണ്.കൃഷി ഫിറോസിന് ആനന്ദത്തിന്റെ വഴികൾ തന്നെയാ ണെന്ന് അദ്ദേഹത്തിന്റെ കൃഷിയിടത്തിൽ ഒരു പുലർകാലത്ത് ചെന്ന് കണ്ട് ബോധ്യപ്പെട്ടതാണ്. വഴിചോദിച്ച് പോകുമ്പോൾ ഫാമും കൃഷിയുമുള്ള ഫിറോസല്ലേ എന്ന് നാട്ടുകാർ ചോദിക്കുന്നുണ്ടായി രുന്നു. ഒടുവിൽ കൃഷിയിടത്തിൽ നാടൻപശുക്ക ളുടെ തൊഴുത്തിൽ കറവയിലേർപ്പെട്ടിരിക്കുന്ന നിലയിലാണ് ഫിറോസിനെ കണ്ടത്. കിടാക്കള ടക്കം എട്ട് നാടൻ പശുക്കളെ കുളിപ്പിക്കുകയും പരിപാലിക്കുകയും അത്യാവശ്യം മറ്റ് കൃഷിപ്പണി കളും ചെയ്തതിനു ശേഷമാണ് ജോലിക്ക് പോകു ന്നത്. ഉത്തരേന്ത്യയിൽ നിന്നും കൊണ്ടുവന്ന ഗിർ ഇനത്തിലുള്ള നാടൻ പശുക്കളും കാസർഗോഡൻ

**ചെറുപ്പക്കാർ കൂട്ടായി സിനിമ നിർമ്മിക്കുന്നതും സന്നദ്ധപ്രവർത്തനത്തി ലേർപ്പെടുന്നതും സാധാ രണമാണ് എന്നാൽ ജൈവകൃഷിയിലും അതിന്റെ വിപണത്തിൽ ഇടപെടുന്നതും നാടൻ പശുക്കളെ സംരക്ഷിക്കു ന്നതും അപൂർവ്വം.**

കുള്ളൻ ഇനത്തിൽ പെട്ട പശുക്കളുമാണുള്ളത്. കൃഷിയിടത്തിൽ നന്നായി വിളഞ്ഞുനിൽക്കുന്ന വാഴകളും പച്ചക്കറികളും തേനീച്ചക്കൂടുകളും കണ്ടു. പിന്നീട് ഫിറോസ് തന്റെ നെൽവയലി ലേക്ക് കൂട്ടിക്കൊണ്ടുപോയി. തെങ്ങുംപറമ്പി നെയും നെൽവയലിനെയും രണ്ടായി പകുത്ത് സാമാന്യം വലിയ തോട് കടന്നുപോകുന്നു. ഉമയും കുറുവയും ആണ് നെൽ വിത്തുകൾ. കാലത്ത് 5 മണിക്കെങ്കിലും എണീറ്റ് നാല് കിലോ മീറ്റർ അപ്പുറത്തുള്ള വീട്ടിൽ നിന്നും എത്തി യാലേ സ്കൂളിൽ പോകുന്നതിനുമുമ്പ് അത്യാ വശ്യം ജോലികൾ ചെയ്തുതീർക്കാൻ സാധിക്കു കയുള്ളൂ എന്ന് ഫിറോസ് പറഞ്ഞു. നിരന്തര മുള്ള ഈ അദ്ധ്വാനത്തെ കുറിച്ച് ചോദിച്ചപ്പോൾ ആരോഗ്യമെന്നാൽ എന്തെങ്കിലും ചെയ്യുന്നതി നുള്ള അഭിനിവേശമാണ് എന്ന ബി.എം. ഹെഗ്ഡെയുടെ വാക്കുകളാണ് ഫിറോസ് ഉദ്ധരി ച്ചത്. ഈ അദ്ധ്വാനമാണ് തന്നെ നിരന്തരം കർമ്മ കുശലനായി നിലനിർത്തുന്നതെന്നും ഇക്കോ ഷോപ്പ് പോലെയുള്ള വിവിധ സംരംഭങ്ങളും പരിസ്ഥിതി പ്രവർത്തനങ്ങളും മറ്റും നടത്തുന്ന തിനുള്ള ഊർജ്ജവും ശക്തിയും നൽകുന്ന തെന്ന് ഫിറോസ് കൂട്ടിച്ചേർത്തു.

പരിസ്ഥിതിയിലും ജൈവകൃഷിയിലും സാമൂഹിക ഇടപെടലുകളിലും തൽപ്പരരായ ഒരു കൂട്ടം യുവാക്കളുടെ കൂട്ടായ്മയിലാണ് ഫിറോസിന്റെ ഇടപെടലുകൾ നടക്കുന്നത്.തുടക്ക ത്തിൽ വാങ്ങിയ നാടൻ പശുവിനെ ഓരോരു ത്തരും മാറി മാറി പരിപാലിക്കുകയായിരുന്നു. ഒരു പശുവിനെ സംരക്ഷിക്കുക എന്നത് വലിയ കാര്യമൊന്നുമല്ല. അന്യം നിന്നുപോകുന്ന നാടൻ ഇനത്തിൽ പെട്ട പശുവിനെ സംരക്ഷിക്കുന്നതും അത്യപൂർവ്വമല്ല. എന്നാൽ ഗ്രാമത്തിലെ സാധാ രണ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബായി ആരംഭിച്ച ചെറുപ്പക്കാരുടെ സംഘടന കൂട്ടായി പണം സമാഹരിച്ച് നാടൻ പശുവിനെ വാങ്ങി സംരക്ഷിച്ചത് വ്യത്യസ്തമായ, വേറിട്ട ഒരു വഴി തന്നെയാണ്.നാടൻ പശുവിന്റെ ചാണകവും മൂത്രവും കൃഷിക്ക് ആവശ്യമാണെന്ന സുഭാഷ് പാലേക്കറുടെ സിദ്ധാന്തത്തിൽ ആകൃഷ്ടരായി ഒടുവിൽ കാസർഗോഡൻ കുള്ളൻ ഇനത്തിൽ പെട്ട പശുവിനെ 2015 ൽ എല്ലാവരും ചേർന്ന് വാങ്ങിക്കുകയായിരുന്നു.പിന്നീട് 3 ഏക്കർ പറമ്പ് പാട്ടത്തിനെടുത്തപ്പോൾ ഫിറോസിന്റെ മുൻക

യ്യിൽ നാടൻ പശുക്കളുടെ ഒരു ഫാമായി വളരുകയായിരുന്നു.ചെറുപ്പക്കാർ കൂട്ടായി സിനിമ നിർമ്മിക്കുന്നതും സന്നദ്ധപ്രവർത്തനത്തിലേർപ്പെടുന്നതും സാധാരണമാണ് എന്നാൽ ജൈവകൃഷിയിലും അതിന്റെ വിപണത്തിൽ ഇടപെടുന്നതും നാടൻ പശുക്കളെ സംരക്ഷിക്കുന്നതും അപൂർവ്വം.
സാമൂഹിക മാധ്യമങ്ങളുടെ കാലത്ത് മണ്ണും വെള്ളവും പറ്റാതെ വിരലനക്കങ്ങൾ കൊണ്ടുമാത്രം സാമൂഹിക ഇടപെടലുകൾ നടത്തുന്നവരുടെ കാലത്ത് ഫിറോസും കൂട്ടരും കറതീർന്ന ജൈവികത കൊണ്ടാണ് നമ്മെ അൽഭുതപ്പെടുത്തുന്നത്.

*(കാരക്കുന്ന് ഗവ. ഹയർസെക്കന്ററി സ്കൂളിൽ ലാബ് അസിസ്റ്റന്റാണ് ഫിറോസ്.മാതാവ് ആയിഷ, സഹധർമിണി ഉമ്മുഹബീബ മക്കളായ ഫഹിദ ഫസീഹ് ഇവരടങ്ങുന്ന കുടുംബമാണ് ഫിറോസിന്റേത്. **ഫോൺ-9946763764**)*

ഒരു ഉൾവിളി പോലെ പ്രബുദ്ധതയുടെ ഒരു ചെറുസാന്നിദ്ധ്യം ഫിറോസിൽ കൃഷിയുടെ രൂപത്തിൽ സംഭവിക്കുകയായിരിന്നുവെന്ന് വേണം കരുതാൻ. പ്രബുദ്ധത അപൂർവ്വം ചില മനീഷികൾക്ക് മാത്രം സംഭവിക്കേണ്ടതല്ല. മഹാത്മാക്കൾക്കുമാത്രമല്ല സാധാരണ മനുഷ്യർക്കും അവരുടെ ലഭ്യമായ പ്രവർത്തന ഇടങ്ങളിൽ സംഭവിക്കേണ്ട ചെറിയ ചെറിയ പ്രബുദ്ധതാവെളിച്ചങ്ങൾ കൊണ്ടേ ലോകത്തിൽ മാറ്റം സംഭവിക്കൂ. മഹാനായ ഒരു ഗുരുവിന് മാത്രം സംഭവിക്കേണ്ടതല്ല പ്രബുദ്ധത. പ്രബുദ്ധരായ മഹാ ഗുരുക്കൻമാരുടെ മാത്രമായ കാലം കഴിഞ്ഞു. എല്ലാവർക്കും സംഭവിക്കേണ്ട പ്രബുദ്ധതയാണ് ലോകത്തിനിന്ന് ആവശ്യം. ഉത്ബുദ്ധരായ മഹത്തായ ഒരു ജനത ഉണ്ടാവേണ്ടിയിരിക്കുന്നു. ജൈവ കൃഷി ചെയ്യുന്ന ഫിറോസ് എന്ന ചെറുപ്പക്കാരനിലും സംഭവിച്ചത് ഉത്ബുദ്ധതയുടെ അഥവാ തിരിച്ചറിവിന്റെ ക്ഷണിക ദർശനം തന്നെയാണന്ന് തന്നെ പറയാം.

*അടുത്ത ശരത്തിൽ,*
*മഴയോ കോറ്റോ വരുന്നതെന്ന്,*
*എനിക്കറിയില്ല,*
*എന്നാലുമിന്നന്റെ വയലിൽ ഞാൻ*
*പണിക്കിറങ്ങും*

*-ഒരു ജപ്പാനിസ് പഴംപാട്ട്*

## പ്രീ പബ്ലിക്കേഷൻ മാതൃകയിൽ കൃഷി കൂട്ടിന് വാട്സാപ് ഗ്രൂപ്പും

നെല്ലും വാഴയുമൊക്കെ കൃഷി ചെയ്യാൻ പ്രസാധകരുടെ പ്രീപബ്ലിക്കേഷൻ മാതൃകയിൽ ആവശ്യക്കാരിൽ നിന്നും പണം മുൻകൂട്ടി വാങ്ങി മുതൽ മുടക്കിന് ധനസമാഹരണം നടത്തുന്ന രീതിയും ഫിറോസും സുഹൃത്തുക്കളും നടപ്പാക്കിയിരിക്കുന്നു. മുൻകൂട്ടി പണം നൽകി കാർഷിക വിളകൾ വാങ്ങാൻ ആളെ കണ്ടെത്തുന്നതും ഓരോ ദിവസത്തേയും ഇക്കോ ഷോപ്പിലെ ഉൽപ്പന്നങ്ങളുടെ ലഭ്യത ഉപഭോക്താക്കളെ അറിയിക്കുന്നതും വാട്സാ പ് ഗ്രൂപ്പ് വഴിയാണ്.



2015 ൽ വാങ്ങിയ കാസർഗോഡൻ കുള്ളൻ ഇനത്തിൽ പെട്ട പശുവിനും അതിന്റെ കിടാവിനുമൊപ്പം.

സ്വിറ്റ്സർലാന്റിൽ പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിയുടെ നിരീക്ഷണം

# സ്നേഹം നിക്ഷേപിക്കുന്ന ടൈം ബാങ്ക്

ചന്ദ്രപ്പൻ വിദ്യധരൻ

സ്വിറ്റ്സർലന്റിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ സ്കൂളിനടുത്തുതന്നെ ഞാൻ വാടകക്ക് ഒരു വീട് തരപ്പെടുത്തി. ക്രിസ്റ്റീന എന്ന് പേരുള്ള 67 വയസ്സുള്ള പ്രായമുള്ള ഒരു ഒറ്റപ്പെട്ട സ്ത്രീ ആയിരുന്നു വീട്ടുടമസ്ഥ. ഇവർ റിട്ടയർ ചെയ്യുന്നതിന് മുന്നെ ഒരു സക്കൻ്ററി സ്കൂളിൽ ടീച്ചറായിരുന്നു. പിന്നീടുള്ള കാലങ്ങളിലെ ഭക്ഷണത്തിനും താമസത്തിനും ക്രിസ്റ്റീനക്ക് കിട്ടിക്കൊണ്ടിരുന്ന പെൻഷൻ ധാരാളമായിരുന്നു. എന്നിരുന്നാലും 87 വയസ്സുള്ള ഏകനും പ്രായമുള്ളവനുമായ ഒരാളെ പരിപാലിക്കുവാനായി ക്രിസ്റ്റീന മറ്റൊരു ജോലി കണ്ടുപിടിച്ചിരുന്നു. ഞാൻ അവരോട് ചോദിച്ചു.. നിങ്ങൾ പണത്തിന് വേണ്ടിയാണോ ഈ ജോലിചെയ്യുന്നത്. അവരുടെ ഉത്തരം എന്നെ അത്ഭുതപ്പെടുത്തി. ഞാൻ പണത്തിന് വേണ്ടിയല്ല ജോലിചെയ്യുന്നത്, എന്നാൽ ഞാൻ എന്റെ സമയം ടൈം ബാങ്കിൽ നിക്ഷേപിക്കുന്നു. പിന്നീട് എനിക്ക് കൂടുതൽ പ്രായമാകുകയും ചലനശേഷി കുറയുകയും ചെയ്യുമ്പോൾ ഇന്ന് ഞാൻ നിക്ഷേപിച്ച സമയം എനിക്ക് തിരിച്ചെടുക്കാം. അതായിരുന്നു വീട്ടുടമയുടെ വിവരണം.

ആദ്യമായിട്ടാണ് 'ടൈം ബാങ്കിൽ ' എന്ന ആശയത്തെക്കുറിച്ച് കേൾക്കുന്നത്. എനിക്ക് കൂടുതൽ ജിജ്ഞാസയായി. ഞാൻ വീട്ടുടമയോട് അതിനെപ്പറ്റി കൂടുതൽ ചോദിച്ചു.

യഥാർത്ഥ' ടൈം ബാങ്കിൽ എന്ന് പറയുന്നത് സാമൂഹിക സുരക്ഷാപദ്ധതിയുടെ ഭാഗമായി സ്വിസ്സ് കേന്ദ്ര മന്ത്രി സഭ രൂപീകരിച്ച ഒരു വാർദ്ധക്യകാല പെൻഷൻ പ്ലാനാണ്. പ്രായമായവരെ സംരക്ഷിച്ചുകൊണ്ട് ഒരാൾ അയാൾക്ക് ആരോഗ്യമുള്ളപ്പോൾ പ്രായമുള്ളവനും ആരോഗ്യമില്ലാത്തതുമായ ഒരാളെ പരിപാലിക്കുമ്പോൾ അയാൾ ചിലവഴിച്ച സമയം ടൈം ബാങ്കിൽ നിക്ഷേപമാകുകയും തിരിച്ച് അയാൾക്ക് പ്രായമാകുകയും സുഖമില്ലാതാകുകയും ചെയ്യുമ്പോൾ തന്നെ പരിപാലിക്കാനുള്ള ഒരാളിനായി നിക്ഷേപസമയം തിരിച്ചെടുക്കാം. സേവനത്തിനായി അപേക്ഷിക്കുന്നവർ ആരോഗ്യം ഉള്ളവരായിരിക്കണം, നല്ലപോലെ സംസാരിക്കുന്നവരായിരിക്കണം. സ്നേഹമുള്ളവരായിരിക്കണം. സഹായമാവശ്യമുള്ള പ്രായമായവരെ എല്ലാദിവസവും പരിപാലിക്കേണ്ടതുണ്ട്. അവരുടെ ജോലി സമയം സാമൂഹികസുരക്ഷാ പദ്ധതിയിൽ അവരുടെ പേരിൽ തന്നെ നിക്ഷേപിക്കും.

ക്രിസ്റ്റീന ആഴ്ചയിൽ രണ്ട് പ്രാവശ്യം രണ്ട് മണിക്കൂർ വീതം ജോലി ചെയ്തു. ഓരോ പ്രാവശ്യവും അവശരായവരുടെ റൂം ക്ലീൻ ചെയ്തും ഷോപ്പിങ്ങിന് സഹായിക്കുകയുമൊക്കെ ചെയ്തു. കരാറനുസരിച്ച് ഒരു വർഷത്തെ അവരുടെ സർവീസിന് ശേഷം 'ടൈം ബാങ്കിൽ "അവരുടെ ജോലി സമയം കണക്കുകൂട്ടി അവർക്ക് ഒരു 'ടൈം ബാങ്ക് കാർഡ് ' കൊടുക്കും. പിന്നീട് ക്രിസ്റ്റീനക്ക് ഒരാളെ ആശ്യമാവുമ്പോൾ തന്റെ ടൈം ബാങ്ക്കാർഡിൽനിന്നും ടൈമും ടൈമിന്റെ പലിശയും പിൻവലിക്കാം. ഒരിക്കൽ വിവരങ്ങൾ ബോധ്യപെട്ടുകഴിഞ്ഞാൽ ടൈം ബാങ്ക അവർ കഴിയുന്ന ഹോസ്പിറ്റലിലേക്കോ വീട്ടിലേക്കോ വേണ്ടി ഒരു സന്നദ്ധസേവകനെ ഏർപ്പെടുത്തും.

ഒരിക്കൽ ഞാൻ സ്കൂളിലായിരുന്നപ്പോൾ വീട്ടുടമസ്ഥ വിളിച്ചു.. അവർ ഗ്ലാസ്സ് തുടച്ചുകൊണ്ടിരിക്കുമ്പോൾ സ്റ്റൂളിൽ നിന്നും വീണ് എന്ന് വിളിച്ച് പറഞ്ഞു. ഞാൻ പെട്ടെന്ന് ലീവെടുത്ത് ചെല്ലുകയും അവരെ ചികിത്സക്കായി ഹോസ്പിറ്റലിലേക്ക് അയക്കുകയും ചെയ്തു. വീട്ടുടമസ്ഥയുടെ കണങ്കാലിന്റെ എല്ല് പൊട്ടിയിരുന്നു. കുറച്ച് നാൾ ബെഡ്ഡിൽ കിടക്കേണ്ടിയിരുന്നു. ഞാൻ അവരെ പരിപാലിക്കാനുതകുന്ന ഒരു വീട് കിട്ടാനായി ശ്രമിച്ചപ്പോൾ അവർ പറഞ്ഞു.. ഞാൻ അതിനെപറ്റി വിഷമിക്കേണ്ട എന്ന്. അവർ ടൈം

ബാങ്കിലേക്ക് ഒരു ഒരുഅപേക്ഷ കൊടുത്തുകഴിഞ്ഞിരുന്നു. പ്രതീക്ഷിച്ചതുപോലെ രണ്ടുമണിക്കൂറിനുള്ളിൽ തന്നെ സേവനത്തിനായി ഒരാളെ ടൈം ബാങ്കിൽ അയച്ചിരുന്നു. തുടർന്നു വന്ന മാസത്തിൽ സന്നദ്ധസേവകന്റെ ശുശ്രൂഷതയിൽ വീട്ടുടമ പെട്ടെന്ന് സുഖം പ്രാപിക്കുകയും അവർ വീണ്ടും ആരോഗ്യത്തോടെ കൂടുതൽ സമയം ടൈം ബാങ്കിൽ നിക്ഷേപിക്കുന്നതിനായി ജോലിക്ക് പോയി തുടങ്ങുകയും ചെയ്തു.

ഇന്ന് വാർദ്ധക്യത്തെ സഹായിക്കുന്നതിനായി ടൈം ബാങ്ക് ഒരു സംവിധാനമായി മാറി കഴിഞ്ഞു. രാജ്യം നൽകുന്ന വിശ്രമവേതനത്തിന്റെ ചിലവുകൾ കുറക്കുക മാത്രമല്ല മറ്റ് സാമൂഹിക പ്രശ്നങ്ങൾക്ക് ഇങ്ങനെ പരിഹാരവും കണ്ടെത്തുന്നു. ധാരാളം സ്വിസ്സ് പൗരന്മാർ ഇത്തരം വാർദ്ധക്യപെൻഷനെ അനുകൂലിക്കുന്നുണ്ട്. അടുത്തിടെ ഒരു സർവേ നടത്തിയപ്പോൾ സ്വിസ്സർലാന്റിലെ പകുതിക്ക് മേലെയുള്ള ആളുകൾക്ക് ഈ വാർദ്ധക്യകാല സംരക്ഷണപദ്ധതിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളതായി കണ്ടു.

കുട്ടികളുടെ കൂടെയോ കുട്ടികളില്ലാത്തവരുടെയോ ആയ പ്രായമായരുടെ എണ്ണം ഏഷ്യൻ രാജ്യങ്ങളിൽ കൂടി കൊണ്ടിരിക്കുന്നു. അതൊരു സാമൂഹിക പ്രശ്നമായും ഉയർന്നുകൊണ്ടിരിക്കുന്നു.

കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഇന്ത്യയിൽ ടൈം ബാങ്ക് എന്ന ആശയത്തിന് പ്രാധാന്യമുണ്ടോ?

*(ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തതിന്റെ ഒരു ഏകദേശ മലയാള വിവർത്തനമാണിത്.ഫേസ് ബുക്കിലെ നല്ല എഴുത്തുകൾ വായനക്കാർക്കായി അച്ചടിരൂപത്തിലാക്കുന്നത് ലിമാ കുറച്ച് കാലമായി അനുവർത്തിക്കുന്നുണ്ട് )*

ആലോചന

# സമാധാനമാണ് വഴി

ഇന്ത്യ ഉൾവഹിക്കുന്ന ഒരു ഏകതയുണ്ട്. വ്യത്യസ്തതകളുടെ ഒരു ഒരുമ എല്ലാ പ്രശ്നങ്ങൾക്കിടയിലും ആശ്വാസമായി ധ്വനിക്കുന്നുണ്ട്. ഭൂരിപക്ഷം മനുഷ്യരും സമാധാനത്തിനായി വിതുമ്പുന്നുണ്ട്.

ഇസ്‌ലാം, ഹിന്ദു, ക്രിസ്ത്യൻ, ബുദ്ധർ, പാഴ്സി, ജൈനർ എന്നൊക്കെയുള്ള ലേബലുകൾ ചേരി തിരിഞ്ഞ് അവകാശങ്ങൾക്കായി പോരാടേണ്ട സംസ്ക്കാരമല്ല അത്. മറിച്ച്, നാം എല്ലാവരും മനുഷ്യരാണെന്നും മനുഷ്യത്വത്തിൽ ഒന്നിച്ചു നില്ക്കണമെന്നും തെളിയേണ്ട വിവേകമാണത്.

ജയിച്ചവരാരും ജയിക്കാത്ത യുദ്ധങ്ങളേ നാം അനുഭവിച്ചിട്ടുള്ളു. പരസ്പരം മനസ്സിലാക്കി ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സോദരരായി കഴിയേണ്ടവർ ഇനിയുമിനിയും വിഭജിക്കപ്പെടാതിരിക്കണം. ഒരു മതം മറ്റൊരു മതത്തോട് പൊരുതി എല്ലാവരുടെയും സമാധാനം നഷ്ടമായ ചരിത്രമാണ് നമുക്കുള്ളത്. ചരിത്രം ആവർത്തിക്കാതിരിക്കാനുള്ള വിവേകമാണ് നമ്മിൽ വിരിയേണ്ടത്.

സമാധാനമാണ് വഴി. അവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളിൽ അക്രമങ്ങൾ ഒഴിവാകണം. ഗാന്ധിജി തന്നെയാണ് മാതൃക. അതിനിടയിൽ രാഷ്ട്രീയവും മതപരവുമായ മുതലെടുപ്പുകൾക്ക് ശ്രമിക്കുന്നവരുമുണ്ട്. തിരിച്ചറിയണം. സാധാരണ മനുഷ്യരുടെ വൈകാരികതയെ ചൂഷണം ചെയ്ത് അക്രമം വിതയ്ക്കുന്നവരാണവർ.

മനുഷ്യരാവാൻ നാം മനുഷ്യർ ഇനി എത്രനാൾ യാത്ര തുടരേണ്ടി വരും? വാശിയും വൈരാഗ്യവും വെടിഞ്ഞ് തോളോടു തോൾ ചേർന്നു നടക്കേണ്ടവർ ഇങ്ങനെയൊക്കെയായി പോകുന്നുവല്ലോ?!

വേദനയാണ്...

ഷൗക്കത്ത്

അൽപ ജീവനം

# ഞാനെങ്ങനെ അൽപ ജീവനം ചെയ്യുന്നു

ജോണി എം എൽ

രണ്ടായിരത്തി പതിനാലിലാണ് ഞാൻ വീടുപേക്ഷിക്കുന്നത്. അത് ചെയ്യുമ്പോൾ ഒപ്പമുണ്ടായിരുന്ന ആൾ പറഞ്ഞത്, വീടും കാറും തരാൻ കഴിയുകയില്ല എന്നായിരുന്നു. സന്തോഷപൂർവം ഞാനവ വിട്ടുകൊടുത്തു. പോരെങ്കിൽ, ഞാനതുവരെ ശേഖരിച്ചിരുന്ന പുസ്തകങ്ങൾ, വസ്ത്രങ്ങൾ, കമ്പ്യൂട്ടർ എല്ലാം അവിടെ ഉപേക്ഷിച്ച ശേഷം രണ്ടു ജോഡി വസ്ത്രങ്ങളും പഴ്സും മാത്രം എടുത്തു കൊണ്ട് ഇറങ്ങുകയായിരുന്നു. അന്ന് രാത്രി ഞാൻ ഒരു സുഹൃത്തിന്റെ സാധനങ്ങൾ വെയ്ക്കുന്ന ഒരു സ്റ്റോർ മുറിയിൽ അവിടെ ചുരുട്ടി വെച്ചിരുന്ന ഒരു പഴയ ഫ്ളക്സ് ബോർഡ് നിവർത്തി അതിലാണ് ഉറങ്ങിയത്. ഒരു പക്ഷെ അതൊന്നും അത്ര വിചിത്രമായി എനിയ്ക്ക് തോന്നിയില്ല. വളരെയധികം പ്രയാസകരമാകും എന്ന് വിചാരിച്ചതൊക്കെ പിറ്റേന്ന് മുതൽ വളരെ എളുപ്പമായി തോന്നിത്തുടങ്ങി. അപ്പോഴാണ് ഞാൻ തിരിച്ചറിഞ്ഞത്, എന്റെ ജീവിതത്തിൽ ഒരു നഗരജീവിതത്തിനു വേണ്ടതായ എല്ലാം ഉണ്ടായിരുന്നുവെങ്കിലും ഞാനവയോടൊന്നും ഗാഢമായ വൈകാരിക ബന്ധം ഉണ്ടാക്കിയിരുന്നില്ല എന്ന്.

ഒരാവശ്യവുമായി എനിക്കപ്പോൾ മുംബൈയിലേക്ക് പോകണമായിരുന്നു. അവിടെ നിന്ന് കൊണ്ട് ഡൽഹിയിലെ ഒരു സുഹൃത്തിനോട് ഞാൻ പറഞ്ഞു, എനിയ്ക്ക് താമസിക്കാൻ ഇടമില്ല. വരുമ്പോൾ എന്തെങ്കിലും ഒന്ന് തരപ്പെടുത്തണം എന്ന്. തിരികെ വന്നപ്പോൾ ഡൽഹിയിലെ നേബ് സരായ് എന്ന സ്ഥലത്തു ചെറിയൊരു ഫ്ലാറ്റ് അദ്ദേഹം എനിയ്ക്കായി തയാറാക്കിയിരുന്നു. ആരൊക്കെയോ വീട്ടുപകരണങ്ങൾ നൽകി; യാത്ര ചെയ്യാനുള്ള സ്യൂട്ട്കേസ് പോലും. ചിലപ്പോൾ രാവിലെ വാതിലിൽ മുട്ട് കേൾക്കും. വാതിൽ തുറക്കുമ്പോൾ അയൽക്കാർ ആരെങ്കിലും ഒരു കപ്പ് ചായയുമായി നിൽക്കുകയായിരിക്കും. അതൊരു വേനല്ക്കാലമായിരുന്നു. ഫാനുണ്ടെങ്കിലും ഉരുകുന്ന ചൂട്. എയർ കണ്ടീഷനറിൽ ഉറങ്ങിയാ ദിവസങ്ങൾ ഓർമ്മ വന്നു. അതിനാൽ ഞാൻ ചെയ്തത്, ഫാൻ പോലും ഉപയോഗിക്കാതെ ആ വേനൽ കഴിക്കുക എന്നതായിരുന്നു. കിടക്കയിൽ ഉരുകി വിയർത്ത് എപ്പോഴോ ഉറങ്ങി.

സുഹൃത്തുക്കൾ ഉടുപ്പുകളും ചെരിപ്പുകളുമായി വന്നു. ഒരാൾ അയാളുടെ ഇന്നോവാ കാർ എനിയ്ക്കായി വിട്ടു തന്നു. താമസിയാതെ ഞാൻ രണ്ടു ജോലിക്കാരുള്ള ഒരു വലിയ ബംഗ്ലാവിലേയ്ക്ക് താമസം മാറി. ഇതൊക്കെ ഭാഗ്യം എന്ന് കരുതുന്നവരുണ്ടാകും. പക്ഷെ തികഞ്ഞ നിസംഗതയോടെയും നിർമ്മമതയോടെയും ഞാൻ അവ സ്വീകരിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അവർ തന്ന വസ്ത്രങ്ങളും ചെരിപ്പുകളും കാറും ഒക്കെ അവിടെത്തന്നെയിട്ടിട്ട് മറ്റൊരിടത്തേക്ക് ഞാൻ യാത്രയായി. ഒരിക്കൽപ്പോലും ഞാൻ ലാപ്ടോപ്പോ മറ്റോ കൊണ്ടുനടന്നില്ല. ചെല്ലുന്ന ഇടങ്ങളിലെല്ലാം അവയുണ്ടാകും. ഇതെല്ലം എന്നെ ഒരു കാര്യം പഠിപ്പിച്ചു; നിങ്ങൾ ഒന്നും സ്വന്തമാക്കുന്നില്ല എങ്കിൽ നിങ്ങൾക്കായി എല്ലാം ഉണ്ടാകും. ഉപേക്ഷിക്കാനുള്ള മനസ്സുണ്ടാകണം എന്ന് മാത്രം. അതിലുമുപരിയായി എനിയ്ക്കൊരു കാര്യം മനസ്സിലായത്, നല്ല മനുഷ്യർ നിങ്ങളുടെ ചുറ്റിലും ഉണ്ടെന്ന കാര്യമാണ്. നിങ്ങൾക്ക് ആ നന്മ കാണാനുള്ള കഴിവുണ്ടാകണം എന്ന് മാത്രം. സ്ഥാപിത താത്പര്യത്തോടെ നിങ്ങൾ ഒരാളെ സമീപിക്കുമ്പോൾ, ആത്യന്തികമായി ആന്തരികചോദനകളാൽ നയിക്കപ്പെടുന്ന മനുഷ്യർക്ക് നിങ്ങളുടെ ഉള്ളിലെ കള്ളം അറിയാനാകും. അതിനാൽ സ്ഥാപിത താത്പര്യങ്ങൾ ഉപേക്ഷിക്കുക എന്നതാണ് പ്രധാനം.

രണ്ടായിരത്തി പതിനേഴിലെ തണുപ്പ് കാലം. ഡൽഹി വിറയ്ക്കുന്നു. എനിയ്ക്ക് കമ്പിളി വസ്ത്രങ്ങൾ വാങ്ങാൻ താത്പര്യമുണ്ടായില്ല. ഉള്ളവ ഏറെ പഴകിപ്പോയിരുന്നു. ഒരു സുഹൃത്തിനെ



**നിങ്ങൾ ഒന്നും സ്വന്തമാക്കുന്നില്ല എങ്കിൽ നിങ്ങൾക്കായി എല്ലാം ഉണ്ടാകും. ഉപേക്ഷിക്കാനുള്ള മനസ്സുണ്ടാകണം എന്ന് മാത്രം. അതിലുമുപരിയായി എനിയ്ക്കൊരു കാര്യം മനസ്സിലായത്, നല്ല മനുഷ്യർ നിങ്ങളുടെ ചുറ്റിലും ഉണ്ടെന്ന കാര്യമാണ്. നിങ്ങൾക്ക് ആ നന്മ കാണാനുള്ള കഴിവുണ്ടാകണം എന്ന് മാത്രം.**

വിളിച്ചു. ഉപയോഗിച്ച് പഴകിയതും എന്നാൽ അത്ര മോശമല്ലാത്തതുമായ കമ്പിളി വസ്ത്രങ്ങൾ വേണമെന്ന് പറഞ്ഞു. അയാൾ കരുതിയത് ഞാനേതോ ചാരിറ്റിയ്ക്കു വേണ്ടി ചോദിക്കുന്നു എന്നാണ്. പക്ഷെ ഞാൻ പറഞ്ഞു എനിയ്ക്ക് ഉപയോഗിക്കാനാണ്. അയാൾ പറഞ്ഞു, നമുക്ക് നല്ലൊരു ഷോറൂമിൽ പോകാം ഇഷ്ടമുള്ളത് വാങ്ങിത്തരാം. ഞാൻ പറഞ്ഞു, ഉപയോഗിച്ചതാണെങ്കിൽ മാത്രം ഞാനെടുക്കാം. പുതിയത് വേണ്ട. വളരെയധികം മനസ്താപത്തോടെയാണാണ്, ഡ്രൈ ക്ളീൻ ചെയ്തു റെഡിയാക്കിയ വളരെ സ്റ്റൈലൻ ആയ കമ്പിളി വസ്ത്രങ്ങൾ എനിക്കദ്ദേഹം നൽകിയത്. പഴയവസ്ത്രങ്ങൾ ഞാൻ ഉപയോഗിക്കുന്നത് അദ്ദേഹത്തെ ദു:ഖിപ്പിച്ചു. പക്ഷെ ഞാൻ പറഞ്ഞു , ഇതെന്റെ തീരുമാനമാണ്.

കഴിഞ്ഞ കുറെയധികം വർഷങ്ങളായി ഞാൻ വസ്ത്രങ്ങളോ ചെരിപ്പുകളോ ഒന്നും വാങ്ങാറില്ല. എല്ലാം ആളുകൾ തരുന്നു. ചോദിക്കേണ്ട ആവശ്യം പോലും ഇല്ലാതെ. പുസ്തകങ്ങൾ വാങ്ങാൻ പണം നല്കുന്നവരുണ്ട്. പുസ്തകങ്ങൾ വാങ്ങി നല്കുന്നവരുണ്ട്. ആ പണം ഞാൻ പുസ്തകത്തിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കുന്നില്ല. കാരണം എനിയ്ക്ക് ആവശ്യങ്ങൾ ഇല്ല. എന്റെ ആവശ്യം വായിക്കാൻ പുസ്തകങ്ങളും എഴുതാൻ കമ്പ്യൂട്ടറും കടലാസും പേനയും അൽപ്പം ഭക്ഷണവുമാണ്. തിരുവനന്തപുരത്തു താമസമാക്കുമ്പോൾ എനിയ്ക്ക് ലാപ്ടോപ്പ് ഇല്ല. ഒരു സുഹൃത്തിനോട് ചോദിച്ചു. ഒരു മണിക്കൂറിനുള്ളിൽ ഒരു ലാപ്ടോപ്പ് വീട്ടിൽ വന്നു. ഇതെഴുതുന്നതും അതിലാണ്. കഴിഞ്ഞ ഒമ്പത് മാസങ്ങളായി. അദ്ദേഹം തിരികെ ചോദിച്ചിട്ടില്ല. എനിയ്ക്കെഴുതാൻ പേന വരുന്നത് മുംബൈയിൽ നിന്നാണ്. പേന നൽകേണ്ടത് അവളുടെ അവകാശമായി കണക്കാക്കുന്ന ഒരു പാർട്ണർ എനിയ്ക്കുണ്ട്.

ഇതെങ്ങനെ സാധിക്കുന്നു എന്ന് ചോദിച്ചാൽ, ഞാൻ യാതൊരു വിധ ആവശ്യങ്ങളും ഇല്ലാതെ ജീവിക്കുന്നു എന്നതാണ്. അത് തന്നെയാണ് അൽപ ജീവനവും. വളരെ കുറച്ചു ഭക്ഷണം കഴിയ്ക്കുന്നു.അമിതമായി ഒന്നും ഉപയോഗിക്കുന്നില്ല. എന്ന് കരുതി ഞാൻ ഫണ്ടമെന്റലിസ്റ്റല്ല. എത്രദൂരം വേണമെങ്കിലും നടക്കാൻ മടിയില്ലാത്ത ഞാൻ, ഒരു അപ്പോയ്ന്റ്മെന്റ് സൂക്ഷിക്കുന്നതിനായി, എന്നെ കാത്തിരിക്കുന്ന വ്യക്തിയുടെ സമയം വിലയുള്ളതാണെന്നു കരുതി, ഓട്ടോയോ യൂബറോ പിടിച്ചു പോകുന്നതിനു മടിക്കാറില്ല. ഇപ്പോൾ ഞാൻ സ്വന്തമാക്കിയ പുസ്തകങ്ങൾ എവിടെ പോകുന്നു എന്ന് ചോദിച്ചാൽ, ഞാൻ ആരുടെയെങ്കിലും പക്കൽ നൽകും എന്നതാണ്. എന്റെ മരണശേഷം അവയൊക്കെയും പൊതു ഉപയോഗത്തിനായി വിട്ടുകൊടുക്കണമെന്നും നിഷ്കർഷിക്കും.

അപ്പോൾ കരുതും, ഞാൻ ഒരു ഉത്തരവാദിത്തവും ഇല്ലാതെ ജീവിക്കുന്ന വ്യക്തിയാണെന്ന്.അല്ല. കൃത്യമായി ജോലി ചെയ്കയും കൃത്യമായി പ്രതിഫലം വാങ്ങുകയും അത് ഏതൊക്കെ ആവശ്യങ്ങൾക്കായാണോ ഉപയോഗിക്കേണ്ടത് അതിനെല്ലാം കൃത്യമായി നൽകുകയും ചെയ്യുന്നു. ആരിൽ നിന്നും കടം വാങ്ങുന്നില്ല, ആർക്കും കടം കൊടുക്കുന്നുമില്ല. ഏറ്റവും ആക്രാമകമായ.... *(ശേഷംഅടുത്ത പേജിൽ)*

............ജീവിതശൈലിയുണ്ടായിരുന്ന ഞാൻ അതിനെ ഉപേക്ഷിച്ചു എല്ലാവരെയും മനസ്സിൽ സ്വീകരിച്ചു കൊണ്ട് ജീവിക്കുന്നു. പശ്ചാത്താപങ്ങളില്ലാതെ ഉറങ്ങാൻ പോകുന്നു അതിനാൽ ഉറക്കം നന്നായി കിട്ടുന്നു. ഉറക്കം തടസ്സപ്പെടുന്നുണ്ടെങ്കിൽ അത് കൊതുകു കടിക്കുന്നത് കൊണ്ട് മാത്രമാണ്.

വലിയ കാര്യങ്ങൾ എന്നെ അതിശയിപ്പിക്കുകയോ ആസക്തിപ്പെടുത്തുകയോ ചെയ്യുന്നില്ല.ചെറിയ കാര്യങ്ങൾ എന്നെ ആനന്ദിപ്പിക്കുന്നു. എം പി പ്രതീഷിന്റെ കവിതകൾ നിറയെ ചെറിയ കാര്യങ്ങളാണ്. അതാണ് ഞാനേറ്റവും അതിനെ ഇഷ്ടപ്പെടുന്നതും.വലിയൊരു കെട്ടിടത്തിനെ ഞാൻ കാണുന്നില്ല. പക്ഷെ അതിന്റെ ചുവരിലെ വിടവിൽ ഒരു വിത്ത് മുളച്ചു പച്ചയുടെ സൂക്ഷ്മലോകം വിരിഞ്ഞിട്ടുണ്ടെങ്കിൽ ഞാനത് കാണും. മഹാത്മാഗാന്ധി അൽപ്പജീവനം നയിച്ച ആളായിരുന്നു; പക്ഷെ അദ്ദേഹത്തെ മെയിന്റെൻ ചെയാൻ ഒരു ആനയെ പോറ്റുന്ന ചെലവായിരുന്നു. അതുകൊണ്ടാണ് സരോജിനി നായിഡു പറഞ്ഞത്, ഗാന്ധിജിയെ അർദ്ധനഗ്നനായ ഫക്കീറായി സൂക്ഷിക്കാൻ ഇൻഡ്യാ ഗവൺമെന്റ് ഒരു പാട് പണം ചെലവഴിക്കുന്നുണ്ടെന്ന്. ഞാൻ ഗാന്ധിജി ആകാത്തത് ഭാഗ്യം. നിർമ്മമവും നിസ്സംഗവുമാണ് എന്റെ ജീവിതശൈലി. എനിയ്ക്ക് സഹിക്കാൻ കഴിയാത്തത് വിഢിത്തം കാട്ടുന്നവരെയാണ്; പ്രത്യേകിച്ചും അവർക്ക് അങ്ങിനെ ആകാതിരിക്കാനുള്ള എല്ലാ സാധ്യതകളും നിലനിൽക്കെ.

അൽപ ജീവനം സുന്ദരമാണ്. അത് പരസ്പരവിശ്വാസത്തെയും സഹായമനസ്ഥിതിയെയും ഉണർത്തുന്നു. എന്നാൽ അത് ചാരിറ്റി നൽകലിന്റെ ഗൂഢാനന്ദത്തിലേയ്ക്കോ സ്വീകരത്തിന്റെ ആത്മനിന്ദയിലേയ്ക്കോ നയിക്കുന്നില്ല. എനിയ്ക്കൊരാവശ്യമുണ്ട് എന്ന് ഒരാളോട് പറയുമ്പോൾ, അത് നിവൃത്തിച്ചു കൊടുക്കേണ്ടത് നമ്മുടെ കടമയാണെന്ന് തോന്നും വിധം സുതാര്യവും സൂക്ഷ്മവുമായ ഒരു ജീവിതമുണ്ടാകണം അപ്പോൾ തുണകൾ നാമറിയാതെ വരും;അവരുടെ കരുതൽ ചുറ്റുമുണ്ടാകും. അൽപ ജീവനത്തെ സാധ്യമാക്കുന്നത് അത്തരം കരുതലും കരുണയും നിറഞ്ഞ മനുഷ്യർ ചുറ്റുമുള്ളതാണ്.

വാഗ്ദാനങ്ങളുടെ കാലമാണിത്. എളുപ്പവഴിയിൽ മോക്ഷം വാഗ്ദാനം ചെയ്യുന്ന കാലം. എത്രയോ പേർ മോഹാന്ധരായി ആ വലയിൽ പോയി കുടുങ്ങുന്നു. ജീവിതത്തിന്റെ എല്ലാ സ്വാതന്ത്ര്യവും പണയംവെച്ച് ഓച്ഛാനിച്ചുനില്ക്കുന്നു.

വിധേയത്വത്തിന്റെ അധമതയിൽ ജീവിതം ഹോമിക്കുന്നു. അനന്തമായ ആ യാത്ര അവസാനം നിരാശയിലേക്കു നയിക്കുന്നു. ആരെയാണോ വിശ്വസിച്ചാരാധിച്ചത് അവരോട് അവിശ്വാസവും വിരോധവും തോന്നുന്നതിലേക്ക് അതു നയിക്കുന്നു.

അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. നിരാശയോടെ പിൻവാങ്ങിയ നമ്മുടെ ഇടം പൂരിപ്പിക്കാൻ മറ്റൊരാൾ അവിടെ ആവേശത്തോടെ എത്തിയിട്ടുണ്ടാകും.

വാഗ്ദാനങ്ങളുടെ മാസ്മരികത ജീവിതത്തിന്റെ സഹജവഴിയല്ല. അതു തന്ത്രമാണ്. പണത്തിനും പ്രശസ്തിക്കും അധികാരത്തിനും വേണ്ടി ആളെക്കൂട്ടാൻ തന്ത്രശാലികൾ മെനയുന്ന കുതന്ത്രമാണ് വാഗ്ദാനങ്ങൾ. അതിൽ കുടുങ്ങിപ്പോകാതിരിക്കാനുള്ള കരുതലുകളാണ് നാം നമ്മിൽ ഉണർത്തിയെടുക്കേണ്ടത്.

മനുഷ്യർ പെട്ടെന്ന് വിധേയപ്പെട്ടു പോകുന്ന ജീവിയായതിനാൽ ശ്രദ്ധ തന്നെയാണ് ഒരേയൊരു വഴി.

**-ഷൗക്കത്ത്**

വഴിതെറ്റുന്ന പുതിയ തലമുറയെക്കുറിച്ചല്ല വഴികാണിക്കുന്ന പുതിയ കുട്ടികളെക്കുറിച്ചാണ് ഇനി സംസാരിക്കേണ്ടത്.

**-മുഖ്ദാർ ഉദിരംപൊയിൽ**



**നിങ്ങൾക്ക് ചിലത് പറയാനില്ലേ...**

*സക്രിയത, പ്രകൃതി, , സഹജീവനം, ധ്യാനം, സ്വാഭാവിക പുഞ്ചിരി, കാരുണ്യം, ഭക്ഷണം, കൂട്, ഉറക്കം, വിശ്രമം, സാധാരണത്തം, ജാഗ്രത, സുഷ്മത, കവിത, ലാളിത്യം, സൗഹൃദം, ...ഇതെല്ലാമുള്ള ഒരു ജീവിതം, ലോകം സ്വപ്നം കാണുന്നവരുടെ ഒത്തുചേരലാകുന്നു ഈ പത്രം.മറ്റു ള്ളവരുമായി ഇത്തരം ആലോചനകൾ പങ്കുവെക്കാമോ...*

*ലിറ്റിൽ മാസിക,ചുങ്കത്തറ പി.ഒ, മലപ്പുറം-679334*
*വാട്സാപ് നമ്പർ -9946428284 (വിളിക്കുകയുമാവാം)*

## ഹൃദയപൂർവ്വം

ഗിരീഷ് മാരേങ്ങലത്ത്

# ലോകം ജയിക്കട്ടെ...

നമ്മുടെ കുട്ടികൾ ചൊല്ലിപഠിക്കുന്ന പ്രതിജ്ഞ പലതവണ വായിച്ചു.
അവിടെ തുടങ്ങുന്നില്ലേ സങ്കുചിത ചിന്തകളുടെ ചില വിത്തുപാകലുകൾ..?

സത്യത്തിൽ കേവലദേശീയതയിൽ നിന്നുയർന്ന് അന്തർദ്ദേശീയ കാഴ്ചപ്പാടിന്റെ മഹത്വത്തിലേക്കല്ലേ നമ്മുടെ കുഞ്ഞുങ്ങൾ വളർന്നു വരേണ്ടത്.

വെറുതേ എഴുതി നോക്കിയതാണെങ്കിലും ഇതൊരു സ്വപ്നമാണ്.

രാജ്യാതിർത്തികൾ ഔദ്യോഗികമായ അടയാളങ്ങൾ മാത്രമാവുകയും പരസ്പരസ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും പൂത്തിരികളാൽ
ഭൂമി പുളകിതയാകുന്ന ഒരു ദിവസത്തെക്കുറിച്ചുള്ള ഭ്രാന്തൻ സ്വപ്നം.

one world

*ലോകം എന്റെ രാജ്യമാണ്.*

*ലോകത്തുള്ള എല്ലാ മനുഷ്യരും മറ്റു ജീവജാലങ്ങളും എനിക്ക് പ്രിയപ്പെട്ടതാണ്.*

*ഞാൻ എന്റെ പ്രപഞ്ചത്തെ സ്നേഹിക്കുന്നു.*

*വൈവിധ്യപൂർണ്ണമായ അതിന്റെ പാരമ്പര്യത്തിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട് വിവേചനരഹിതമായ പുതുലോകം കെട്ടിപ്പടുക്കാൻ ഞാൻ പരിശ്രമിക്കും.*

*ചെറുതും വലുതുമായ ഓരോ ജീവിയേയും സ്നേഹിക്കാനും ബഹുമാനിക്കാനും അംഗീകരിക്കാനും കഴിയുന്നത് ഞാൻ അഭിമാനമായി കരുതും.*

*പ്രകൃതി എനിക്കു തന്ന നന്മകളെ അതിന്റെ പത്തിരട്ടിയായി അടുത്ത തലമുറയ്ക്ക് കൈമാറുന്നത് എന്റെ ഉത്തരവാദിത്തമാണെന്ന് ഞാൻ തിരിച്ചറിയുന്നു.*

*ലോകം ജയിക്കട്ടെ...*

*ഡൽഹി ഡയറി*

# ചേരികളിൽ പറക്കുന്നപട്ടങ്ങൾ


ഹന്ന പുത്തലവൻ

.......................................

രണ്ടു ധ്രുവങ്ങളിലിരുന്നു പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നതാണ് ഡൽഹിയിലെ ജീവിതങ്ങൾ. ജെ എൻ യു വിൽ നിന്നിറങ്ങി ഓൾഡ് ഡൽഹി യെ ലക്ഷ്യമാക്കി യാത്ര ചെയ്യുമ്പോൾ മാത്രമേ ഡൽഹിയുടെ ശരിയായ ചിത്രത്തിലേക്ക് എത്താൻ പറ്റുന്നുള്ളു എന്നു തോന്നുന്നു. പലരുടെയും വാക്കുകളിൽ നിന്ന് ദര്യഗഞ്ജ് ബുക്ക് സ്ട്രീറ്റിന്റെ പ്രത്യേകതകളെപ്പറ്റി കേട്ടിട്ടുണ്ട്. ഞെട്ടിക്കുന്നത്രയും കുറഞ്ഞ വിലയിൽ, ഒറിജിനലിനെ വെല്ലുന്ന ക്വാളിറ്റിയിൽ പുസ്തകങ്ങൾ കിലോക്ക് നൂറ്, ഇരുന്നൂറ് നിരക്കിലെല്ലാം തൂക്കി വിൽക്കുന്ന ദര്യഗഞ്ജ് പുസ്തക പ്രേമികളെ എന്നും പ്രലോഭിപ്പിക്കുന്നതാണ്. എന്നാൽ കോടതി ഇടപെട്ട് അക്ഷരങ്ങളുടെ ഈ തൂക്കിവിൽപ്പന നിർത്തിക്കളഞ്ഞു. പക്ഷെ ഇപ്പോഴും, പാഞ്ഞു വരാവുന്ന പോലീസിനെ പേടിച്ച് മാർക്സിന്റെ മൂലധനവും, തോറോയുടെ വാൾഡനും എപിജെ യുടെ അഗ്നിചിറകുകളും എപ്പോൾ വേണമെങ്കിലും വാരിക്കൂട്ടി ഓടാൻ പാകത്തിൽ പ്രായം ചെന്ന മനുഷ്യക്കോലങ്ങൾ കുന്തിച്ചിരുന്നു പുസ്തകങ്ങൾ വിൽക്കുന്നുണ്ട്. അവർക്കാരെങ്കിലും ആ ലോക ക്ലാസ്സിക്കുകളും ബെസ്റ്റ് സെല്ലേഴ്സും പറയുന്ന കഥകൾ പറഞ്ഞു കൊടുത്തു കാണുമോ?
അവർ വിൽക്കുന്ന പുസ്തകങ്ങളിലെ ഉള്ളടക്കങ്ങൾ അവർക്കു കൂടി വേണ്ടി എഴുതിയതാണെന്ന് ആരെങ്കിലും പറഞ്ഞുകൊടുത്തെങ്കിൽ...!
ഈ കാണുന്നതെല്ലാം ഒരു നേരത്തെ അന്നത്തിനായുള്ള പെടാപ്പെടലാണ്...

ദര്യഗഞ്ജ് പിന്നിട്ട് നേരെ നടന്നെത്തുന്നത് ജമാമസ്ജിദിനോരം പറ്റി തിങ്ങിഒഴുകി കൊണ്ടിരിക്കുന്ന മുസ്‌ലിം ജീവിതങ്ങളിലേക്കും അവരുടെ കച്ചോടങ്ങളിലേക്കുമാണ്.
ഇടുങ്ങിയ ഗല്ലികളാണ്.
നടന്നുപോവുമ്പോൾ എതിരെ വരുന്ന ടുക് ടുക് വണ്ടികളും റിക്ഷകളും സ്കൂട്ടറുകളും മേലുതട്ടാതെ ശ്രദ്ധിച്ചു നടക്കണം. തട്ടിയാൽ തന്നെ നമ്മുടെ നാട്ടിലെ പോലെ വട്ടം നിന്നു ആരുടെ ഭാഗത്താണ് തെറ്റ് എന്നു കീറി മുറിച്ച്, നഷ്ടപരിഹാര തുകയൊന്നും നിർണയിക്കാനുള്ള സമയമില്ല. ഒരോട്ടം കഴിഞ്ഞു അടുത്തതിനുള്ള ഓട്ടത്തിലാണ് ഈ വണ്ടിക്കാരെല്ലാം...നഷ്ടപരിഹാരം തരാൻ കരുതിയാൽ പോലും തരാൻ കയ്യിൽ കാശ് കാണണമെന്നില്ല. പകരം നിങ്ങൾക്ക് വേണേൽ അവരെ തല്ലാം, നീട്ടി തുപ്പി ആക്രോശിക്കാം, അതുമല്ലേൽ അവരുടെ കുടുംബപരമ്പരയെയെല്ലാം ഏത് കുടുംബത്തിലും കേറ്റാൻ കൊള്ളാത്തത്ര വൃത്തികെട്ട വാക്കുകളിൽ തെറിവിളിക്കാം. അങ്ങനെയാണിവിടെ തെറ്റുകളെല്ലാം സെറ്റിൽ ചെയ്യുന്നത്.
എല്ലാം ഒരു നേരത്തെ അന്നത്തിനായുള്ള പെടാപ്പെടലാണ്...

ജമാമസ്ജിദിന്റെ വലിയ അങ്കണത്തിൽ, മഗ്രിബിന്റെ മൂവന്തി നേരത്ത്, ഉറങ്ങാൻ പോകും മുന്നെ തന്റെ എല്ലാ സൗന്ദര്യവും തുറന്നുകാണിക്കാൻ പ്രയാസപ്പെടുന്ന ആകാശത്തെ നോക്കിയിരിക്കാൻ വല്ലാത്തൊരു രസമാണ്. അന്നത്തിനായുള്ള നെട്ടോട്ടമെല്ലാം കഴിഞ്ഞു കൂടുകളിലേക്ക് ചേക്കേറുന്ന പലജാതി പക്ഷികൾ തലങ്ങും വിലങ്ങും പറക്കുന്നുണ്ടാവുമപ്പോൾ.. എന്നാൽ താഴെ ജമാമസ്ജിദ് സ്ട്രീറ്റിൽ കയ്യിലുള്ളതെല്ലാം വിറ്റുതീർക്കാൻ പ്രയാസപ്പെടുകയാവും കച്ചോടക്കാർ. ആകാശം നോക്കിയിങ്ങനെ ഇരിക്കുമ്പോൾ പാറിനടക്കുന്ന കൂട്ടത്തിൽ പക്ഷികൾ മാത്രമല്ല പട്ടങ്ങൾ കൂടിയുണ്ടെന്ന് മനസിലാവും.
തിങ്ങിഞെരുങ്ങിയ കുടുസു വീടുകളുള്ള, ശ്വാസം വിടാൻപോലും ഒരിത്തിരി സ്ഥലം സ്വന്തമായിട്ടില്ലാത്ത ചേരികളിലെ കുട്ടികളാണ് ആകാശത്തിലെ ഓരോ പട്ടത്തിന്റെയും മറുതലക്കൽ...
ആരുടേതുമല്ലാത്ത ആകാശത്തിന്റെ വിശാലതയിൽ അതിരുകളില്ലാതെ, മാറ്റിനിർത്തലിന്റെ ശ്വാസം മുട്ടലുകളില്ലാതെ, ആ കുട്ടികൾ യഥേഷ്ടം പട്ടങ്ങൾ കൊണ്ട് അവരെ തന്നെ ഉയർത്തി പറപ്പിക്കുകയാണ്..
ഇതേപോലുള്ള കുട്ടികൾ തന്നെയാണ്, 17കിലോമീറ്ററുകളിപ്പുറം ജെ എൻ യു വിനോട്



ചേർന്ന മുനീർക്ക മാർക്കറ്റിൽ സാധനങ്ങൾ വാങ്ങാൻ വരുന്നവരുടെ കയ്യിൽപിടിച്ചു തൊട്ടപ്പുറത്തെ ഷോപ്പുകളിലെ ചില്ലുപെട്ടികളിൽ ഭംഗിയിൽ അലങ്കരിച്ചുവെച്ച കേക്ക് ചൂണ്ടി താണുകേണു നിൽക്കാറുള്ളത്. കയ്യിൽ കാശുള്ളവരെ പ്രലോഭിപ്പിക്കാൻ തുറന്നുവെച്ച ഈ കടകൾ അതേ തെരുവിലെ കുട്ടികളുടെ ഉമിനീരൊലിച്ച ഉറക്കങ്ങളെ കൊഞ്ഞനം കുത്തുന്നില്ലേ? അവർക്കും കൊതിയുണ്ട് വിൽക്കാൻ വെച്ച കണ്ണഞ്ചിപ്പിക്കുന്ന രുചിക്കൂട്ടുകളോട് .. അച്ഛനമ്മമാരുടെ ഒഴിഞ്ഞ കീശകൾ അവരെ കൊതിയില്ലാത്തവരാക്കുന്നില്ലല്ലോ...

വൈരുധ്യങ്ങൾ, ഓൾഡ് ഡൽഹിയിൽ നിന്നൊഴുകി ജമാമസ്ജിദിന്റെ ഗല്ലികളിലൂടെ, ദരിയാഗഞ്ജിന്റെ പുസ്തകശാലകളിലൂടെ, മുനീർക്കയിൽ ഭക്ഷണം ചോദിച്ചു പിന്നാലെ നടക്കുന്ന കുട്ടികളിലൂടെ തുടർന്നുകൊണ്ടേയിരിക്കുകയാണ്.




ക്യാമ്പയിൻ

## ലിറ്റിൽ മാസികയും പങ്കുവെക്കാം

കാണുന്നതും കേൾക്കുന്നതും ആലോചിക്കുന്നതുമെല്ലാം നമ്മൾ പരസ്പരം പങ്കുവെക്കുന്നുണ്ട്. വാട്സ്ആപ്പിലും ഫേസ്ബുക്കിലും ചിത്രമായും വീഡിയോ ആയും ഷെയർ ചെയ്യുന്നുണ്ട്. ഇനി മുതൽ ലിറ്റിൽ മാസികയും പങ്കിട്ടു നോക്കൂ. വായനയിൽ പ്രസക്തമെന്നു തോന്നുന്ന കുറിപ്പുകൾ, പേജുകൾ, ഒക്കെ ലോകത്തോടു സംവദിക്കട്ടെ. പുതിയ വായനക്കാരിലേക്ക് നമ്മുടെ ചെറുസൗഹൃദവും വളരട്ടെ

## വായനയും പങ്കുവെക്കാം

നൂറു കണക്കിന് മാസികകളും വാരികകളും അനേകം പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും ഒക്കെയായി വായിക്കാനനവധിയാണ് ഇപ്പോൾ. ഓരോരുത്തർക്കും ആവശ്യമുള്ള പ്രസിദ്ധീകരണവും വ്യത്യസ്തം. ഒരാൾക്കു തന്നെ പല മാസികകൾ വാങ്ങാനുള്ള സാമ്പത്തിക പ്രയാസങ്ങളും ഉണ്ടാവും. കീശ കാലിയാവാതെ വായന തുടരുവാനുള്ള ചില വഴികൾ സാധ്യമാണ്. ഒരേ സ്ഥലത്ത് ജോലി ചെയ്യുന്നവരോ, എന്നും തമ്മിൽ കണ്ടുമുട്ടുന്നവരോ ആയ സുഹൃത്തുക്കൾക്ക് പുസ്തക-മാസികകൾ പങ്കുവെക്കാനാവും. ഓരോരുത്തരും വെവ്വേറെ മാസികകൾ സ്ഥിരമായി വാങ്ങുകയും വായനക്കുശേഷം സുഹത്തുക്കൾക്ക് കൈമാറുകയുമാവാം. ഒരു പതിപ്പിന്റെ വിലയിൽ നാലോ അഞ്ചോ പ്രസിദ്ധീകരണങ്ങൾ വായിക്കാനാവും. ചൂടോടെ വായിക്കേണ്ട പത്രങ്ങളെ ഇതിൽ നിന്നൊഴിവാക്കുകയുമാവാം. കുട്ടികളുടെ വാരികകൾ പോലും ഇങ്ങനെ പങ്കിടാം; അയൽപക്കങ്ങൾ തമ്മിൽ സ്നേഹത്തിലാണെങ്കിൽ. നാലോ അഞ്ചോ പേരുടെ ചെറുകൂട്ടങ്ങൾക്കായിരിക്കും ഇതിൽ പ്രായോഗികമായി വിജയിക്കാനാവുന്നത്.

# തുറന്ന തെരുവുകൾ

ദീപ്തി അദ്‌ലാഖ

നഗരങ്ങളുടെ ഹൃദയങ്ങളാണ് അതിലെ തെരുവുകൾ. കടകമ്പോളങ്ങളും വിപണിയും മാത്രമല്ല തെരുവുകൾ. നഗരവാസികളുടെയും നഗരത്തിലെത്തുന്നവരുടെയും പൊതു ഇടങ്ങൾ കൂടിയാണവ. ഒന്നിച്ച് കൂടി സൗഹൃദം ഊട്ടിയുറപ്പിച്ച് ബന്ധം സുദൃഢമാക്കാനുള്ള പൊതുഇടം. എന്നാൽ നമ്മുടെ തെരുവുകൾ കൂടുതൽ കൂടുതൽ മോട്ടോർ വാഹന കേന്ദ്രീകൃതമാവുകയാണ്. ജനങ്ങൾക്കുമേൽ, അവരുടെ പൊതുഇടങ്ങൾക്കുമേൽ വാഹനക്കൂട്ടങ്ങൾ ആധിപത്യം ഉറപ്പിക്കുകയാണ്.

കാൽനടക്കാരനെയും സൈക്കിൾ സവാരിക്കാരനേയും തെരുവിൽ കച്ചവടം നടത്തുന്നവരെയും അലഞ്ഞുതിരിഞ്ഞുനടക്കുന്നവരെയുമൊക്കെ അവഗണിക്കുന്ന ഗതാഗത നഗരസംവിധാനങ്ങളെ കുറിച്ച് നാം വളരെയധികം കേട്ടുകഴിഞ്ഞിരിക്കുന്നു. ചിലപ്പോഴെങ്കിലും മോട്ടോർ വാഹനങ്ങളില്ലാത്ത എല്ലാവർക്കും സ്വൈര്യവിഹാരം നടത്താൻ കഴിയുന്ന ഒരു തെരുവ് നമ്മളിൽ പലരും സ്വപ്നം കാണാറുണ്ട്. അത്തരമൊരു തെരുവിൽ കുട്ടികളും പ്രായമായവരും യുവാക്കളും അങ്ങനെ പലതരക്കാരായ ജനങ്ങൾ അവർക്കിഷ്ടമുള്ള ഓരോ പ്രവൃത്തികൾ ചെയ്ത് തെരുവിലെ നിരത്തുകൾ കയ്യടക്കുന്നത് ഓർക്കാൻ തന്നെ രസമുള്ള ഒരു സ്വപ്നമാണ്. അങ്ങനെ തെരുവിലെ നിരത്തുകൾ ജനങ്ങളുടെ ഒത്തുചേരലിനുള്ള വേദിയാവുന്നത് സ്വപ്നം കാണാൻ മാത്രമുള്ളതല്ല എന്നാണ് ലോകമെമ്പാടുമുള്ള വിവിധ നഗരങ്ങളിൽ നിന്നുള്ള അനുഭവപാഠം. ഓപ്പൺ സ്ട്രീറ്റ് എന്ന ആശയം ഇത്തരം ആലോചനകളിൽ നിന്നാണ് ഉരുത്തിരിഞ്ഞുവന്നിരിക്കുന്നത്. സ്പാനിഷ് ഭാഷയിൽ ബൈസിക്കിൾ പാത എന്നർത്ഥമുള്ള സൈക്കിളോവിയാസ് എന്നും തെരുവിനെ പൊതുഇടമാക്കി മാറ്റുന്ന ഈ സംരംഭത്തെ വിശേഷിപ്പിക്കുന്നുണ്ട്. കുറേ സമയം, ചിലപ്പോൾ ഒരു മുഴുദിവസം നിരത്തിൽ മോട്ടോർവാഹന ഗതാഗതം നിർത്തലാക്കുമ്പോൾ ഏത് തിരക്കേറിയ നിരത്തും ജനപങ്കാളിത്തമുള്ള ഒന്നാന്തരം പൊതുഇടങ്ങളായി മാറുന്നു എന്നതാണ് ഈ ആശയത്തിന്റെ അടിസ്ഥാനം. അങ്ങനെ വീണുകിട്ടുന്ന പൊതുഇടങ്ങളിൽ ജനങ്ങൾക്ക് പങ്കാളിത്തമുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

കൊളംബിയയിലെ ബോഗോട്ടായിലാണ് 1970 കളിൽ ഈ ആശയം ജന്മമെടുക്കുന്നത്. മോട്ടോർ ഗതാഗതം തൽക്കാലത്തേക്ക് നിർത്തലാക്കി നിരത്തുകൾ സുരക്ഷിതരായി ജനങ്ങൾക്ക് നടക്കാനും സൈക്കിൾ ഓടിക്കാനും അവസരം നൽകാനായിരുന്നു ഉദ്ദേശം. എല്ലാ ഞായറാഴ്ചകളിലും 120 കിലോമീറ്റർ നീളത്തിലുള്ള റോഡ് ശൃംഖലയിൽ രാവിലെ 7 മുതൽ ഉച്ചതിരിഞ്ഞ് 2 മണി വരെ മോട്ടോർ വാഹനങ്ങൾ നിരോധിച്ചു. ഒരു കാർഫ്രീ സോൺ രൂപമെടുത്തപ്പോൾ സുരക്ഷയും കൗതുകവും, വല്ലാത്ത പുതുമയും അതിലുമുപരി വാഹനപ്പുകയില്ലാത്ത, ശബ്ദബഹളമില്ലാത്ത അന്തരീക്ഷവും ജനങ്ങൾക്ക് അനുഭവിക്കാനായി. കാൽനടക്കാർ സമ്പൂർണ്ണ സുരക്ഷാബോധത്തോടെ കാലടികൾ വെച്ചു. സൈക്കിൾ സവാരിക്കാർ തികഞ്ഞ സന്തോഷത്തോടെ നിരത്തിൽ അണിനിരന്നു.

'തുറന്ന തെരുവ്' എന്ന ആശയം അന്തർദേശീയ തലത്തിൽ തന്നെ സ്വീകരിക്കപ്പെട്ടു. ഓരോ സ്ഥലത്തും പ്രത്യേകമായ പരിപാടികൾ തുറന്ന തെരുവിന്റെ സാധ്യത ഉപയോഗപ്പെടുത്തി സംഘടിക്കപ്പെട്ടു. നോർത്ത് അമേരിക്കയിൽ മാത്രം 100 ഓളം പരിപാടികൾ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. പരിപാടിയുടെ വലുപ്പവും രീതികളും ഓരോ സ്ഥലത്തും വ്യത്യസ്തമായിരിക്കും. എങ്കിലും എല്ലാ തുറന്ന തെരുവ് ആഘോഷങ്ങളുടെയും ലക്ഷ്യം ഒന്നാണ്. അൽപനേരത്തേക്ക് തെരുവുകളിൽ മോട്ടോർവാഹനങ്ങളുടെ സാന്നിധ്യം ഇല്ലാതാക്കുമ്പോൾ ആ സമയം തെരുവുകൾ ജനങ്ങൾക്ക് നടക്കാനും സൈക്കിളോടിക്കാനും ആടാനും പാടാനും പരസ്പരം ഇടപഴകാനും ഒക്കെയുള്ള ഇടമായി മാറുന്നു. കുറച്ചു നേരമെങ്കിൽ കുറച്ചുനേരത്തേക്ക് തെരുവുകൾ ജനങ്ങൾക്കുതന്നെ വിട്ടുകൊടുക്കുക എന്ന ആശയം നമ്മുടെ നാട്ടിലും പരീക്ഷിക്കാവുന്നതാണ്.





*ലിറ്റിൽ മാസിക വാർഷിക വരിസംഖ്യ ഇപ്പോൾ വേണ്ട. 3 ലക്കങ്ങളെങ്കിലും കിട്ടിയാൽ മാത്രം വരിസംഖ്യ അയച്ചാൽ മതി.*

*200 രൂപയാണ് വരിസംഖ്യ*

*എം. ഒ. ആയും*

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*
*അക്കൗണ്ട് നമ്പർ*
*085710106 7932 ബിജു ജോൺ*
*(കാനറ ബാങ്ക്*
*എടക്കര ശാഖ) ഐ.എഫ്.സി*
*IFS Code: CNR B 0000857*



കാക്ക വിചാരം

# കാക്കയെ കുറിച്ച് പത്തുകാര്യങ്ങൾ

കാലത്തെഴുന്നേറ്റ് പരിസര ശുചീകരണം ആരംഭിക്കുന്ന കാക്കകൾ എല്ലാതരത്തിലും നമുക്ക് ഏറെ അനുകരണീയരാണ്.കൂട്ടായ്മയുടെയും ചെറുത്തുനിൽപ്പിന്റെയും തന്ത്രത്തിന്റെയും കാര്യത്തിൽ മികച്ച മാതൃകകളായ കാക്കകൾ കൂട്ടമായി പ്രതിഷേധിക്കാറുണ്ട്. വൃത്തിയുടെ പ്രതീകമാവുന്ന കാക്കകൾ എല്ലായ്പ്പോഴും വൃത്തിയും വെടിപ്പും സൂക്ഷിക്കുന്നവരാണ്. നമ്മുടെ നാട്ടിൽ പൊതുവെ രണ്ടുതരം കാക്കകളുണ്ട്. ബലികാക്കയും പേനകാക്കയും. വലുപ്പത്തിൽ ബലികാക്കകളാണ് മുന്നിൽ.കൂട്ടത്തോടെ ചേക്കേറി കോളനികളായി കഴിയാനിഷ്ടപ്പെടുന്ന കാക്കകൾ പൊതുസത്രുവിനെ (മൂങ്ങ, പരുന്ത്, പ്രാപ്പിടിയൻ) കൂട്ടത്തോടെ ആക്രമിക്കുക പതിവാണ്. അവരുടെ സംഘബോധം അവർക്ക് രക്ഷയും ശിക്ഷയുമാകാറുണ്ട്.പരസ്യമായി ഇണചേരാറില്ലാത്ത കാക്കകൾ മുട്ട വിരിയിക്കാൻ തന്ത്രപൂർവ്വം കുയിലിനെ ആശ്രയിക്കാറുണ്ടെങ്കിലും, കാര്യക്ഷമമായി അടയിരുന്ന് മുട്ട വിരിയിക്കുന്നവരുമുണ്ട്. ഇന്ത്യൻ സംസ്ഥാനമായ നാഗാലാന്റിൽ പൊതുവെ കാക്കകളില്ല. മനുഷ്യൻ ഭക്ഷണമാക്കാൻ തുടങ്ങിയതോടെ കാക്കകൾ ഇവിടം വിട്ടതാണത്രേ. പക്ഷേ സ്വാഭാവികമായി കാക്കകളില്ലാത്ത ഒട്ടേറെ ദ്വീപുകളും പ്രദേശങ്ങളും ഭൂമുഖത്ത് പലയിടത്തായുണ്ട്. നമ്മുടെ നിത്യജീവിതവുമായി അഭേദ്യബന്ധമുള്ള കാക്കകൾ ഋഗ്വേദ കാലഘട്ടം മുതൽത്തന്നെ നമ്മുടെ ആചാര അനുഷ്ഠാനങ്ങളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. പുരാണ-ഇതിഹാസ കഥകളിലെല്ലാം കാക്ക മുഖ്യകഥാപാത്രമാകുന്ന നിരവധി കഥകളുണ്ട്.മികച്ച കാഴ്ചശക്തിയുള്ള കാക്കകൾ ഓർമ്മ ശക്തിയുടെ കാര്യത്തിലും ഒട്ടും പിറകിലല്ല. വിത്തുവിതരണ കാര്യത്തിൽ മുൻപന്തിയിലാണ് കാക്കകൾ. കാക്കകളും ചെമ്പോത്തും കാഷ്ടിച്ച വിത്തുകളാണ് ചീരാപറങ്കിമുളകായി മുളച്ചുപൊന്തുന്നത്.ഭക്ഷണം സൂക്ഷിച്ചു വെയ്ക്കുന്ന പതിവില്ലെങ്കിലും പട്ടിണിനാളുകൾക്കായി ഭക്ഷണലഭ്യത മുൻകൂർ കണ്ടുവെയ്ക്കുന്ന പതിവ് കാക്കകൾക്കുണ്ട്.ദേശാന്തരഗമനത്തിൽ താല്പര്യമില്ലെങ്കിലും വളരെ വിസ്തൃതമായ പ്രദേശത്താണ് കാക്കകൾ പറന്നെത്തുന്നത്. എന്നാൽ ആവാസവ്യവസ്ഥകളുടെ നാശവും രാസവസ്തുക്കളുടെ വ്യാപനവും കാക്കയ്ക്കും വലിയ ഭീഷണിയായിട്ടുണ്ട്.

---


ലിറ്റിൽ മാസിക

എഴുത്ത് ശിൽപ്പശാല



എഴുത്ത് എന്നാൽ കവിതയും കഥയും
മാത്രമല്ല. എഴുത്ത് ആത്മാവിഷ്കാരത്തിനായി
മാത്രം നിർവഹിക്കുന്നതുമല്ല. നാം അറിഞ്ഞ
കാര്യം മറ്റുള്ളവർക്ക് പകർന്നു കൊടുക്കേണ്ടി
വരുന്ന ചില സന്ദർഭങ്ങൾ പലപ്പോഴും
നമുക്കെല്ലാവർക്കും ഉണ്ടാവും.
ഗൗരവതരവും മൗലികവുമായ
എഴുത്തുശിലങ്ങൾക്ക്
സാധ്യതയേറെയാണിന്ന്.
ചെറുതും വലുതുമായ എല്ലാ
പ്രസിദ്ധീകരണങ്ങളും ഫ്രീലാൻസ്
എഴുത്തുകാർക്ക് ഇടം നൽകുന്നുണ്ട്.
28 വർഷത്തെ ഇടപെടലുകൾ കൊണ്ട് ലിറ്റിൽ
മാസികയും എഴുത്തിന്റെ ചെറു ഊടുവഴികൾ
തീർത്തിട്ടുണ്ട്.

*ലിറ്റിൽ മാസിക*
*എഴുത്ത് ശിൽപ്പശാല*
***2019 ഡിസമ്പർ 28,29*** ദിവസങ്ങളിൽ
ചുങ്കത്തറ പൂക്കോട്ടുമണ്ണ ഇടം മൺവീട്ടിൽ
നടത്തുന്നു.
താൽപര്യമുള്ളവർ ബന്ധപ്പെടുമോ?

*ലിറ്റിൽ മാസിക*
*ചുങ്കത്തറ പി.ഒ*
*മലപ്പുറം-679334*

RN67322/94
Postal Reg.No.KL/MJI/82/2019-21 **Little Masika** Date of Publishing: 10-12-19





**SERVICES AVAILABLE HERE :**

- MOBILE RECHARGES
- DTH RECHARGES
- ALL BILL PAYMENTS
- MONEY TRANSFER
- TICKETS (BUS, TRAIN & FLIGHT)
- SCANNING & E-MAILS
- B/W LASER & COLOUR PRINTOUTS
- PHOTO & PVC ID CARD PRINTING
- B/W & COLOUR PHOTOSTAT
- THERMAL LAMINATION & SPIRAL BINDING
- COURIER SERVICE & PACKAGING ITEMS
- ONLINE PURCHASE & DELIVERY
- POLYMER / SELF INKING STAMPS
- ALL LEGAL & OFFICIAL FORMS
- EXTERNAL STORAGE DEVICES
- EXECUTIVE STATIONERIES

THE PROFESSIONAL COURIERS

ISO 9001:2015 CERTIFIED

**CORDIAL COMMUNICATIONS**

# CP 16/838, JOJI COMPLEX, CNG ROAD, CHUNGATHARA, NILAMBUR, MALAPPURAM Dist. - 679 334, KERALA, INDIA.
+91 813 802 9775; cordialcomcra@gmail.com

EXPERIENCE PERFECT & SECURE SERVICES


Edited, Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at National Offset Printers Chungathara for Co-Operative Press Chungathara-679334